# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## 2025 -2026


**HOLY FAMILY CONVENT GIRLS HIGH SCHOOL**

**CHEMBUKAVU**

**THRISSUR - 680020**

**0487 – 2333389**

| | | |
|---|---|---|
| Name of school | : | Holy Family Convent High School<br>Chembukavu, Thrissur – 680020 |
| Academic Year | : | 2025-2026 |
| Revenue District | : | Thrissur |
| Educational District | : | Thrissur |
| Name of cluster | : | URC Aranattukara |
| Name of Block | : | Thrissur |
| Name of Headmistress | : | Sr.Mini John |
| Phone No | : | 9448716669 |
| No.of Teachers | : | 57 |
| No.of Non teaching staff | : | 5 |
| Total no.of students | : | 2035 |
| No.of classes | : | 42 |
| Email | : | hfcghstcr@gmail.com |
| Website | : | www.holyfamily.com |
| Phone No | : | 0487 – 2333389 |

## ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘുചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം
- പദ്ധതി രൂപീകരണ പ്രക്രിയ
- നിലവിലെ അവസ്ഥാവിശകലനം
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശങ്ങൾ
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിറ്ററിംഗ് രീതി
- ഉപസംഹാരം


## അനുബന്ധം


- വിദ്യാലയത്തിന്റെ ചരിത്രം
- കുട്ടികളുടെ എണ്ണം
- മികവുകൾ, നേട്ടങ്ങൾ
- നിലവിലുള്ള കമ്മിറ്റികൾ
- ദിനാചരണങ്ങൾ
- അക്കാദമിക പ്രവർത്തനങ്ങൾ

## ആമുഖം

പഠനരംഗത്തും, പാഠ്യേതര രംഗത്തും മികച്ച പ്രവർത്തനങ്ങൾക്കൊണ്ട് ശ്രദ്ധേയമായ വിദ്യാലയമാണ് ഹോളിഫാമിലി സ്ക്കൂൾ. ഹെഡ്മിസ്ട്രസ്സ് Sr.Rosemary Jose ന്റെ ഊർജ്ജസ്വലതയും പ്രവർത്തന നൈപുണ്യവും, അദ്ധ്യാപകരുടേയും, വിദ്യാർത്ഥികളുടേയും, ആത്മാർത്ഥതയും, അർപ്പണ മനോഭാവവും, കഠിനാദ്ധ്വാനവുമാണ് വിദ്യാലയത്തെ ഉന്നതമായ വിജയങ്ങളിലേക്ക് എത്തിക്കുന്നത്. വിദ്യാലയ പ്രവർത്തനങ്ങളോടു ചേർന്നു പ്രവർത്തിക്കുന്ന അധ്യാപക രക്ഷാകർത്ത്യ സംഘടനയും, അവരുടെ സേവനങ്ങളും സഹകരണവും വിദ്യാലയ വളർച്ചയിൽ സുപ്രധാന പങ്കുവഹിക്കുന്നു. 1939 ൽ സ്ഥാപിതമായ വിദ്യാലയം ഇന്ന് 77 സംവത്സരങ്ങൾ പിന്നിട്ട് കഴിഞ്ഞു. 1 മുതൽ 12 -ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. SSLC പരീക്ഷയിൽ 100% വിജയവും, നിരവധി റാങ്കുകളും, $A^+$ Grade കളും കരസ്ഥമാക്കി വിദ്യഭ്യാസരംഗത്ത് ഉന്നതനിലവാരം പുലർത്താൻ ഈ വിദ്യാലയത്തിന് സാധിക്കുന്നു. SSLC പരീക്ഷയ്ക്ക് റാങ്ക് സംവിധാനം നിലനിന്നിരുന്ന കാലത്ത്, ഒന്നാം റാങ്ക് ഉൾപ്പെടെ 48 റാങ്കുകൾ കരസ്ഥമാക്കാൻ കഴിഞ്ഞത്, വിദ്യാലയ നേട്ടങ്ങളിൽ എടുത്തുപറയേണ്ട ഒന്നാണ്. സർക്കാരിന്റെയും, വിദ്യഭ്യാസ വകുപ്പിന്റേയും നിർദ്ദേശപ്രകാരമുള്ള എല്ലാ കാര്യങ്ങളിലും ഈ വിദ്യാലയം 100% ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്നുണ്ട്. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണനിലവാരമുള്ള വിദ്യഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ നിരവധി വിദ്യാലയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുന്നു. പഠനത്തോടൊപ്പം പുതുതലമുറയിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുക, മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തുക, ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് അവരെ സംരക്ഷിക്കുക എന്നിങ്ങനെയുള്ള നിരവധി മൂല്യങ്ങൾ വിദ്യാർത്ഥികളിൽ വളർത്തിയെടുത്ത്, അവരെ രാഷ്ട്രത്തിനും, സമൂഹത്തിനും ഉതകുന്ന ഉത്തമ വിദ്യാർത്ഥികളായി, നാളെയുടെ പൗരന്മാരായി വളർത്തിയെടുക്കുക എന്നതാണ് വിദ്യാലയ പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യം.

**ലക്ഷ്യങ്ങൾ**

- ഓരോ കുട്ടിയെയും മികവിന്റെ ഉടമകളാക്കി തീർക്കുക
- കുട്ടികളുടെ സമഗ്ര വികസനത്തിനുതകുന്ന പഠനാന്തരീക്ഷം ഒരുക്കുക
- ഐ.സി.ടി അധിഷ്ഠിത പഠനം നടപ്പിലാക്കുക
- പരിഹാരബോധനത്തിലൂടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുക
- വിദ്യാർത്ഥികളിലെ വിവിധങ്ങളായ കഴിവുകൾ വികസിപ്പിക്കുക
- വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളാക്കുക
- കുട്ടികളുടെ മാതൃഭാഷാ നിലവാരം ഉയർത്തുക
- മികച്ച രചനകൾ Class PTA യിൽ പ്രദർശിപ്പിക്കൽ
- ക്ലാസ്സ്, ലൈബ്രറി മെച്ചപ്പെടുത്തുക
- ഭൗതിക സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുക
- കായിക പരിശീലനത്തിനാവശ്യമായ ആധുനിക സംവിധാനങ്ങൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക.
- ഇൻഡോർ ഗെയിംസ്, മറ്റു സൗകര്യങ്ങൾ ഒരുക്കുക
- ഭാഷാലാബ്
- ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ
- ഇംഗ്ലീഷ് ഭാഷാ പഠന പരിപോഷണം
- ഗണിതശേഷി വികസനം
- പ്ലാസ്റ്റിക് നിർമാർജ്ജനം
- ലൈബ്രറി ശാക്തീകരണം
- പ്രതിഭാ പോഷണ പരിപാടി
- പച്ചക്കറിത്തോട്ടം
- ഔഷധ ഉദ്യാനം
- നക്ഷത്ര വനം
- കായിക വിദ്യഭ്യാസം
- വായനശീലം വളർത്തുക
- ആശയ വിനിമയ ശേഷി വികസനം
- കൗൺസിലിംഗിന് സ്ഥിരം സംവിധാനം
- വ്യത്യസ്ത രീതിയിൽ ദേശീയദിനാഘോഷങ്ങൾ
- എല്ലാ വിദ്യാർത്ഥികളുടേയും വീട് സന്ദർശനം
- സ്വന്തമായി പത്രം, Website
- ശിൽപ്പശാലകൾ സംഘടിപ്പിക്കുക
- സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
- സാഹിത്യശിൽപ്പശാല
- പാഠ്യേതര വിഷയങ്ങളിൽ പരിശീലനം
- പൂർണ്ണസമയം പ്രവർത്തിക്കുന്ന ലൈബ്രറി

## വിദ്യാലയം - ചരിത്രത്താളുകളിലൂടെ

ഹോളിഫാമിലി സന്യാസിനി സമൂഹ സ്ഥാപകയായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ യുടെ അശ്രാന്തപരിശ്രമത്തിന്റേയും, ത്യാഗത്തിന്റേയും സത്ഫലമാണ് ഹോളിഫാമിലി എന്ന സുന്ദരമായ ഈ വിദ്യാലയം. കുഴിക്കാട്ടുശ്ശേരി ഹോളിഫാമിലി സന്യാസ സമൂഹ ത്തിൽ നിന്ന് ചെമ്പുക്കാവിലെത്തി ചേർന്ന മദർ മറിയം ത്രേസ്യായുടെ പിൻഗാമികളായ സിസ്റ്റേഴ്സിന്റേയും നല്ലവരായ നാട്ടുകാരുടേയും നിരന്തരമായ അദ്ധ്വാനവും ത്യാഗപൂർണ്ണ മായ പ്രവർത്തനങ്ങളുമാണ് 1939 ൽ ഹോളിഫാമിലിയെ എൽ.പി സ്കൂളായി ഉയർത്തിയത്. ഒന്നും, രണ്ടും ക്ലാസ്സുകളിലായി 107 ബാലികാബാലകന്മാരാണ് വിദ്യാമൃതം നുകരാൻ ആദ്യ മായി ഈ വിദ്യാലയത്തിലെത്തിയത്. പിന്നീട് വളർന്നു വലുതാവുന്ന കുട്ടിയെപ്പോലെ ഈ വിദ്യാലയം 1942 ൽ നാലാം ക്ലാസ്സിലേക്കും ചുവടുവെച്ചു കയറി. പ്രധാനാധ്യാപികയായ ബഹു.സി.ബർണാർദിത്ത, മദർ സി ജോസഫിൻ, ശ്രീമതി എം.കെ കുഞ്ഞില, സി.എവു സ്താക്യ എന്നിവരായിരുന്നു ഈ വിദ്യാലയത്തിൽ ആദ്യമായി സേവനം കാഴ്ചവെച്ച അദ്ധ്യാപികമാർ. ചാലയ്ക്കൽ ഔസേഫ് വക്കീൽ, ശ്രീ പി പി അയ്യപ്പൻ വക്കീൽ, വിദ്യാ ഭ്യാസ ഡയറക്ടർ ശ്രീ ഐ എൻ മേനോൻ എന്നിവർ വിദ്യാലയത്തിന്റെ ആദ്യകാല വളർച്ച യിൽ ആദ്യമായി സഹകരിച്ചവരാണ്. ബഹു.മോൺ എടക്കളത്തൂർ മത്തായിയച്ചന്റെ ഉദാരമ നസ്സുകൊണ്ട് സ്വന്തം ചെലവിൽ പണിതീർത്ത ഇരുനിലക്കെട്ടിടത്തിലാണ് 1945 ൽ പ്രിപ്പേറ ട്ടറി ക്ലാസ്സ് ആരംഭിച്ചത്. റവ.സി.പൗളിന്റെ, റവ.സി ജയിൻ മേരി, റവ.സി റൊസാലിയോ എന്നീ ഭരണസാരഥികളായിരുന്നു ശൈശവദശയിൽ വിദ്യാലയത്തെ നയിച്ചിരുന്നത്. വിജ്ഞാനദാഹവുമായി ധാരാളം വിദ്യാർത്ഥികൾ എത്തിയപ്പോൾ ഇതൊരു യു.പി സ്കൂളായി ഉയർത്തണമെന്ന് സിസ്റ്റേഴ്സ് ആഗ്രഹിച്ചു. അങ്ങനെ 1955 ൽ ഹെഡ്മിസ്ട്ര സ്സായ റവ.സി.പ്രഷീലയുടെ കരുത്തുറ്റ കരങ്ങളിലൂടെ വളർന്നു മുന്നേറിയ വിദ്യാലയം 1956 ൽ അപ്പർ പ്രൈമറിയായി ഉയർന്നു. അന്നത്തെ എ.ഇ.ഒ ശ്രീ.ടി.കെ കുമാരൻ, ഡയറക്ടർ ശ്രീ അപ്പൻ തമ്പുരാൻ, ശ്രീ ലോനപ്പൻ മേയ്ക്കാട്ടുകുളം, എഞ്ചിനീയർ കുരുവിള, ഷെവലി യാർ ശ്രീ കെ സി ചാക്കോ, ബഹു.മോൺ സെബാസ്റ്റ്യൻ ചിറയത്ത്, ബഹു.സിറിയക് മേനാ ച്ചേരി അച്ചൻ എന്നിവർ ഈ വിദ്യാലയത്തിന് നൽകിയ സഹായ സഹകരണങ്ങൾ നിരവ ധിയാണ്. 1953 ൽ 7-ാം ക്ലാസ്സ് പൂർത്തിയാകുമ്പോൾ റവ.സി.അംബ്രാസായിരുന്നു വിദ്യാലയ ത്തിന്റെ ഹെഡ്മിസ്ട്രസ്സ്. സേവനതത്പരരായ റവ.സി.പ്രഷീലയുടെ ഭരണകാലഘട്ടത്തിൽ 1966 ജൂണിൽ ഈ വിദ്യാലയത്തെ ഹൈസ്കൂളാക്കാനുള്ള അനുമതി ലഭിച്ചു. ഈയവസര ത്തിൽ എ.ഇ.ഒ ശ്രീ ലക്ഷ്മണൻ നായർ ഡപ്യൂട്ടി ഡയറക്ടർ ശ്രീ എൻ.വിശ്വംഭരൻ, ശ്രീ കെ കരുണാകരൻ, ശ്രീ പി പി ജോർജ്ജ്, ശ്രീ സി സി ജോർജ്ജ്, ശ്രീ ചിത്രൻ നമ്പൂതി രിപ്പാട്, ശ്രീ കെ.എസ് പള്ളത്ത് അഭിവന്ദ്യ ആലപ്പാട്ട് തിരുമേനി എന്നിവരുടെ ഉദാരമനസ്സും ത്യാഗ സന്നദ്ധതയും വിദ്യാലയത്തിന്റെ വളർച്ചയിൽ നാഴികക്കല്ലുകളായി. പ്രഗത്ഭയും, സൂക്ഷ്മനിരീക്ഷണപടുവുമായ റവ.സി.പ്രോസ്പറാണ് കൗമാരപ്രായത്തിലെത്തിയ വിദ്യാല യത്തിന്റെ ഭരണസാരഥ്യം ഏറ്റെടുത്തത്. ഗ്രാമപ്രദേശങ്ങളിൽ നിന്നുവരുന്ന വിദ്യാർത്ഥിക ളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് സ്കൂൾ ബസ് വാങ്ങി. കാലത്തിനനുസരിച്ച് വള രാൻ വേണ്ട തീരുമാനത്തിന്റെ ഭാഗമായാണ് ഇംഗ്ലീഷ് മീഡിയം എൽ.പി സ്കൂൾ തുടങ്ങാൻ റവ.സി പ്രോസ്പർ തീരുമാനിച്ചത്. സിസ്റ്ററിന്റെ 10 വർഷത്തെ കർമ്മസുരഭിലമായ സേവന മാണ് വിദ്യാലയത്തെ ഉന്നതങ്ങളിലേക്ക് കുതിച്ചു കയറാനുള്ള അടിത്തറ പണി കഴിപ്പിച്ചത്. അതിനുശേഷം വിദ്യാലയത്തിന്റെ ചുക്കാൻ പിടിച്ചത് ബഹു.സുപ്പീരിയർ ജനറലായ മദർ

അനസ്താസിയയാണ്. സിസ്റ്ററിന്റെ സ്നേഹവാത്സല്യങ്ങൾ അനുഭവിക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞു. തൊട്ടടുത്തുള്ള ഇംഗ്ലീഷ് മീഡിയം സ്കൂൾ പണിതുയർത്തിയത് മദർ അനസ്താസിയയുടെ മഹനീയ നേതൃത്വത്തിലാണ്. ബഹുമുഖ കാരണങ്ങളാൽ സി.അനസ്താസിയ ലീവെടുത്തപ്പോൾ റവ.സി.മേരി ട്രീസയും, പിന്നീട് റവ.സി.ഗ്രേഷ്യസും വിദ്യാലയത്തിന്റെ ഭരണസാരഥികളായി. 1979 ൽ ഹെഡ്മിസ്ട്രസ്സായി റവ.സി.സിപ്രിയാൻ ചാർജ്ജെടുത്ത അവസരത്തിലാണ് ഇംഗ്ലീഷ് മീഡിയം എൽ.പി ക്ലാസ്സുകൾ പുതിയ കെട്ടിടത്തിലേക്ക് മാറിയത്. ആ വിദ്യാലയത്തിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം സി.എമ്മാനുവേലിനായിരുന്നു. നൃത്തനൃത്യാദി കലകളിൽ പരിശീലനം നേടുന്നതിനും, കുട്ടികളുടെ കലാവിരുന്ന് അനുഭവിച്ചാസ്വദിക്കുന്നതിനും പറ്റിയ ഓപ്പൺ സ്റ്റേജ് പണിതത് റവ.സി.ഫ്ളാവിയയുടെ കാലഘട്ടത്തിലാണ്. ലക്ഷക്കണക്കിനു വിദ്യാർത്ഥികളെഴുതുന്ന എസ്.എസ്.എൽ.സി പരീക്ഷയിൽ ആദ്യമായി ഈ വിദ്യാലയത്തിന് 2,8,10,13 എന്നീ റാങ്കുകളും 100% വിജയവും ലഭിച്ചത് സി.ഫ്ളാവിയ ഹെഡ്മിസ്ട്രസ്സായിരിക്കുമ്പോഴാണ്. ഈ വിദ്യാലയത്തെ പ്രശസ്തിയുടെ കൊടുമുടിയിലെത്തിക്കാൻ ഈ നേട്ടം പര്യാപ്തമായി. നിസ്തുല സേവനത്തിന്റെയും വിശാലവീക്ഷണത്തിന്റെയും പര്യായമായ റവ.സി ഗ്രേഷ്യസാണ് സി.ഫ്ളാവിയയ്ക്ക് ശേഷം ആറുവർഷം ഈ വിദ്യാലത്തിന്റെ ചുക്കാൻ പിടിച്ചത്. കൗമാരം പിന്നിട്ട് യൗവ്വനത്തിലെത്തിയ വിദ്യാലയത്തെ സകലകലാവല്ലഭമാക്കാൻ വിവിധ വാദ്യാഘോഷങ്ങളോടു കൂടിയ ആകർഷകമായ ഒരു ബാന്റ് സെറ്റ് വിദ്യാലയാങ്കണത്തിൽ അണിനിരത്തിയത് സി.ഗ്രേഷ്യസിന്റെ കാലത്താണ്. സംസ്ഥാന തലത്തിൽ പല പ്രാവശ്യവും ബാന്റ് സെറ്റിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്. ഈ വിദ്യാലയത്തിന്റെ സിൽവർ ജൂബിലി ആഘോഷത്തിന്റെ ഭാഗമായിട്ടാണ് ജൂബിലി ബ്ലോക്ക് എന്ന പേരിൽ മൂന്നുനിലയുള്ള കെട്ടിടം പണിതുയർത്തിയത്. സി.ഗ്രേഷ്യസിന്റെ റിട്ടയർമെന്റിനു ശേഷം നിറഞ്ഞ പുഞ്ചിരിയോടെ ശാന്തമായ പെരുമാറ്റത്തോടെ കടന്നുവന്ന റ.സി.വലൻസിയുടെ കാലഘട്ടത്തിലാണ് ഓപ്പൺ സ്റ്റേജിനോട് ചേർന്ന് ക്ലാസ്സ് മുറികൾ പണി കഴിപ്പിച്ചത്. ഇത് കലാപരിപാടികൾക്ക് അണിഞ്ഞൊരുങ്ങാൻ സഹായകമായി. കരുത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും പ്രതീകമായ സി.സെബി ഹെഡ്മിസ്ട്രാസ്സായിരിക്കുമ്പോഴാണ് എം പി ഫണ്ടും അഭ്യുദയകാംക്ഷികളുടേയും രക്ഷസാക്ഷികളുടേയും അകമഴിഞ്ഞ സഹായവും സ്വീകരിച്ച് കമ്പ്യൂട്ടർ ബ്ലോക്ക് നിർമ്മിച്ചത്. ഓപ്പൺ സ്റ്റേജിനു മുകളിൽ പണിതീർത്ത ക്ലാസ്സ് മുറികളാണ് എച്ച്.എസ്, യു.പി എന്നീ വിഭാഗക്കാർക്കുള്ള കമ്പ്യൂട്ടർ ബ്ലോക്ക്. ആധുനിക സാങ്കേതിക വിദ്യയിൽ മുന്നേറ്റമുണ്ടാകുന്നതിന് 1996 ൽ പണിതുയർത്തിയതാണിത്. റവ.സി.ബെബിയുടെ കാലഘട്ടത്തിൽ തന്നെയാണ് എസ്.എസ്.എൽ.സി പരീക്ഷയിൽ ഈ വിദ്യാലയത്തിലെ എൻ.സൗദാബിയ്ക്ക് ഒന്നാം റാങ്ക് ലഭിച്ചത്. എസ്.എസ്.എൽ.സി റിസൾട്ടിന്റെ ചരിത്രത്തിൽ ആദ്യമായി 591 മാർക്ക് കരസ്ഥമാക്കി ഹോളിഫാമിലി സ്കൂളിന്റെ നാമധേയം തങ്കലിപികളിൽ ആലേഖനം ചെയ്തു. 2000 മുതൽ ഏകദേശം ഒന്നരപതിറ്റാണ്ടുകാലം യൗവനയുക്തമായ ഹോളിഫാമിലിയെ അണിയിച്ചൊരുക്കിയത് നേതൃത്വപാടവമുള്ള ഹെഡ്മിസ്ട്രസ്സായ റവ.സി.ജെയ്സി ജോണാണ്യ 2002–03 ൽ തൃശൂർ വിദ്യാഭ്യാസ ജില്ലയിലെ ബെസ്റ്റ് സ്കൂൾ എന്ന ബഹുമതിയ്ക്ക് ഈ വിദ്യാലയം അർഹമായിട്ടുണ്ട്. 2005 ൽ എസ്.എസ്.എൽ.സി പാഠ്യപദ്ധതി പ്രകാരം ആദ്യമായി നടത്തപ്പെട്ട എസ്.എസ്.എൽ.സി പരീക്ഷയിൽ തൃശൂർ ജില്ലയിൽ ഈ വിദ്യാലയത്തിന് ഒന്നാം സ്ഥാനം ലഭിച്ചു. മാത്രമല്ല 2006–07 ൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പരീക്ഷയ്ക്കിരുത്തി വിജയിപ്പിച്ചതിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനവും 2007–08 ൽ രണ്ടാം സ്ഥാനവും ലഭിച്ചു. പാഠ്യവിഷയങ്ങളിൽ മാത്രമല്ല വർഷം തോറും നടത്തുന്ന യുവജനോത്സവം, സംസ്കൃതോത്സവം, എക്സിബിഷനുകൾ, മേളകൾ, ബാലക

ലോത്സവം, കെ.സി.എസ്.എൽ, ഡി.സി.എൽ വിവിധങ്ങളായ സ്കോളർഷിപ്പ് പരീക്ഷകൾ, കായികമത്സരങ്ങൾ, ഗൈഡിംഗ്, വിദ്യാരംഗം കലാസാഹിത്യവേദി, വിവിധ സംഘടനകൾ നടത്തുന്ന ഡ്രോയിംഗ് മത്സരങ്ങൾ തുടങ്ങി എണ്ണിയാലൊടുങ്ങാത്ത പാഠ്യേതര വിഷയങ്ങളിൽ പങ്കെടുത്ത് സംസ്ഥാനതലം വരെ മികച്ച വിജയം കരസ്ഥമാക്കിയ ധാരാളം വിദ്യാർത്ഥിനികൾ ഈ വിദ്യാലയ ചരിത്രത്തിന്റെ ഭാഗമാണ്. ലൈബ്രറി ബ്ലോക്ക്, എൽ.ഡി.സി പ്രൊജക്ടർ, നഴ്സറി കുട്ടികൾക്കുള്ള പ്ലേ ഗ്രൗണ്ട്, നിരനിരയായുള്ള ടാപ്പുകൾ, നിരവധി യൂറിനൽസ്, ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനും മറ്റുമുള്ള സൗകര്യങ്ങൾ, യാത്രാക്ലേശം പരിഹരിക്കുന്നതിനുള്ള ബസ്സുകൾ, ട്രസ്സ് വർക്ക് ചെയ്ത വിശാലമായ ഓഡിറ്റോറിയം, മനോഹരമായ മുറ്റം, വിപുലമായ സയൻസ് ലാബ് തുടങ്ങി നിരവധി സൗകര്യങ്ങൾ ഈ വിദ്യാലയത്തിലുണ്ട്. 2008-09 കാലഘട്ടത്തിൽ ഈ വിദ്യാലയം സപ്തതിയുടെ നിറവിലായിരുന്നു. സപ്തതി സ്മാരകമായി പണിതുയർത്തിയതാണ് മനോഹരമായ സ്കൂൾ ഗേറ്റ്. ''സപ്തതി താര''മെന്ന പേരിൽ പ്രസിദ്ധീകരിച്ച സോവനീർ സപ്തതി സ്മരണ നിലനിർത്തുന്നതാണ്. വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾക്ക് പ്രോത്സാഹനമെന്ന നിലയിൽ പ്രസിദ്ധീകരിച്ചതാണ് ''പിഞ്ഛരിക''. സപ്തതിയാഘോഷത്തോടനുബന്ധിച്ച് നടത്തിയ പൂർവ്വവിദ്യാർത്ഥി- അദ്ധ്യാപക- അനദ്ധ്യാപക സമ്മേളനം മധുരിക്കുന്ന ഓർമ്മകളുടെ പങ്കുവയ്ക്കലായിരുന്നു.

2013 ലെ എസ്.എസ്.എൽ.സി പരീക്ഷയിൽ എക്സലന്റ് അക്കാദമിക് പെർഫോർമൻസ് അവാർഡിന് ഹെഡ്മിസ്ട്രസ്സായ സി.ജെയ്സി ജോൺ അർഹയായി. വിദ്യാർത്ഥികളെ അലട്ടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള കൗൺസിലിംഗുകൾ, മാതാപിതാക്കൾക്കും, വിദ്യാർത്ഥികൾക്കുമുള്ള ബോധവത്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, ആത്മീയവളർച്ചയെ സഹായിക്കുന്ന ദിവ്യബലികൾ, പേട്രൻസ്ഡേ ഉൾപ്പെടെയുള്ള വിവിധ ദിനാചരണങ്ങൾ, അതിനോടനുബന്ധിച്ചുള്ള മത്സരങ്ങൾ തുടങ്ങി നിരവധി പരിപാടികൾ ഈ വിദ്യാലയത്തിലുണ്ട്. വിദ്യാലയത്തിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി കാലാകാലങ്ങളിൽ പി.ടി.എ യുടെ സഹകരണവും, പിന്തുണയും ലഭിച്ചിട്ടുണ്ട്. ഓരോ വർഷവും പി.ടി.എ പ്രസിഡണ്ട്, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരുടെ നിസ്തുലമായ സേവനങ്ങൾ വിദ്യാലയ പുരോഗതിയെ സഹായിക്കുന്നു. പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി 2013 ൽ രക്തദാനം, പെരിങ്ങണ്ടൂർ സന്ദർശനം, പാവപ്പെട്ട കുട്ടിയ്ക്കും കുടുംബത്തിനുമുള്ള സഹായം, 50 കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം എന്നിവ ഈ വിദ്യാലയത്തിൽ നടത്തി. 1998 മുതൽ 27 വർഷങ്ങളിലായി എസ്.എസ്.എൽ.സി പരീക്ഷയിൽ നമ്മുടെ വിദ്യാലയത്തിന് 100 % വിജയമാണ് ലഭിച്ചിരുന്നത്. ഓരോ വർഷവും റാങ്ക് ലഭിച്ചവരുടേയും അവർക്ക് ലഭിച്ച മാർക്കുകളും $A^+$ കളും കൊണ്ട് അലംകൃതമാണ് ഓഫീസ് റൂമിലെ സ്കോർ ബോർഡ്.

ഈ വിദ്യാലയത്തിന് ഇന്നുവരെ ലഭിച്ച എല്ലാ വിജയങ്ങൾക്കും അടിസ്ഥാനം വലിയ ദൈവാനുഗ്രഹമാണെന്ന് അധ്യാപകരും, രക്ഷിതാക്കളും, കുട്ടികളും ഒരുമിച്ച് വിശ്വസിക്കുന്നു. പെൺകുട്ടികൾക്ക് ദൈവ അറിവ് പകർന്നുകൊടുക്കുന്നതിനും കുടുംബങ്ങളുടെ നവീകരണത്തിനുമായി സ്ഥാപിച്ച ഈ വിദ്യാലയത്തിൽ 2023 മുതൽ സി.ഗ്ലോറി C.H.F ഹെഡ്മിസ്ട്രസ്സിന്റെ നേതൃത്വത്തിൽ 57 അധ്യാപികമാരും 5 അനധ്യാപികമാരും 42 ഡിവിഷനുകളിലായി 2035 വിദ്യാർത്ഥികളും കൈകോർത്തുനീങ്ങുന്നതാണ് ഈ വിദ്യാലയത്തിന്റെ ഉയർച്ച.

## SSLC State Level Rank Holders

| *Year* | *Name* | *Rank* |
|---|---|---|
| 1985 | Kavitha K S | 2 |
| 1986 | Lalitha V | 8 |
| | Seema Vishnu | 10 |
| | Deji Joseph | 13 |
| 1989 | Vandana K S | 13 |
| 1990 | Lathika Nair | 10 |
| 1991 | Sapna Erat Sreedharan | 3 |
| | Lakshmi P | 8 |
| | Suja Haridas | 11 |
| 1992 | Limi J | 11 |
| 1994 | Deepa Anirudhan (SC) | 1 |
| 1995 | Nandini | 10 |
| 1996 | Hema Viswanath | 13 |
| 1997 | Sandhya S | 11 |
| | Manjusha Unnikrishnan | 12 |
| | Vani K P | 14 |
| 1998 | Anjaly George | 3 |
| | Dhanya Unnikrishnan | 4 |
| | Sini Simon | 5 |
| | Asha Pallan | 7 |
| | Priya P Kartha | 11 |
| | Sukrutha K S | 11 |
| 1999 | Soudabi N | 1 |
| | Resmi R Menon | 5 |
| | Sreerekha Menon | 10 |

| | | |
|---|---|---|
| | Sreeja M | 11 |
| | Aswathy M R | 12 |
| 2000 | Deepthi K | 6 |
| | Mithra T V | 8 |
| | Gayathri D Prabhu | 10 |
| 2001 | Ranju Raju C | 6 |
| | Febin Thaha | 10 |
| | Nimmi K Francis | 13 |
| | Nimisha C R | 13 |
| | Usha S | 15 |
| 2002 | Reshma Rahim | 10 |
| | Limiya K K | 13 |
| | Dhanya Menon K | 14 |
| | Amritha V | 15 |
| | Deepthy K S | 15 |
| | Linda Robert | 15 |
| 2003 | Dhanya Johnson | 8 |
| | Greeshma Raghavan | 10 |
| | Soumya S Muraleedharan | 13 |
| | Minnu Perinchery | 15 |
| 2004 | Karishma C | 9 |
| | Thulasi J Nambiar | 11 |
| | Indu M C | 12 |
| 2005 | Maria Thanu Mathew | Top Scorer |
| 2006 | Umadevi C H | Top Scorer |

# <u>SSLC $A^+$ Winners</u>

| *Year* | *A+ Winners* | *Year* | *A+ Winners* |
|---|---|---|---|
| 2005 | 15 | 2021 | 238 |
| 2006 | 11 | 2022 | 88 |
| 2007 | 36 | 2023 | 88 |
| 2008 | 43 | 2024 | 109 |
| 2009 | 34 | 2025 | 76 |
| 2010 | 32 | | |
| 2011 | 28 | | |
| 2012 | 25 | | |
| 2013 | 45 | | |
| 2014 | 41 | | |
| 2015 | 43 | | |
| 2016 | 52 | | |
| 2017 | 45 | | |
| 2018 | 64 | | |
| 2019 | 37 | | |
| 2020 | 67 | | |

# വിദ്യാലയം – മികവിന്റെ കേന്ദ്രം

**അക്കാദമികം**

**<u>ഇംഗ്ലീഷ് ഭാഷ – മികവ്</u>**

- പ്രധാന അധ്യാപികയുടെ ഇംഗ്ലീഷിലുള്ള മെസ്സേജ്
- ഇംഗ്ലീഷ് അസംബ്ലി
- ഇംഗ്ലീഷ് പത്ര വിതരണം
- പ്രീ-ടെസ്റ്റ്
- ലൈബ്രറി പുസ്തക വായന
- ഇംഗ്ലീഷ് ഫെസ്റ്റ്
- ഇംഗ്ലീഷ് മാഗസിൻ നിർമ്മാണം
- കൊറിയോഗ്രാഫി, ഡ്രാമ നടത്തൽ
- സ്പോക്കൺ ഇംഗ്ലീഷ്

എല്ലാ ദിവസവും രാവിലെ 09.10 ന് അസംബ്ലിക്ക് മുൻപ് മെഡിറ്റേഷനോടു കൂടി പ്രധാന അധ്യാപിക ഒരു ഇംഗ്ലീഷ് മെസേജ് നൽകുന്നു. കഥകളിലൂടെയോ, മഹത്വചനങ്ങളിലൂടെയോ സിസ്റ്റർ വളരെ രസകരമായി അവതരിപ്പിക്കുന്നത് കുട്ടികൾ ഉത്സാഹപൂർവ്വം കേട്ടിരിക്കും.

ആഴ്ചയിൽ 2 ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. ഓരോ ക്ലാസ്സിലേയും എല്ലാ കുട്ടികൾക്കും ഇതുമൂലം പങ്കെടുക്കാനും തങ്ങളുടെ ഇംഗ്ലീഷിലുള്ള സർഗ്ഗാത്മക കഴിവുകൾ അവതരിപ്പിക്കാനും കഴിയുന്നു. ഇംഗ്ലീഷ് വാർത്തകൾ കേൾക്കാനും സാധിക്കുന്നു.

എല്ലാ ദിവസവും രാവിലെ ഇംഗ്ലീഷ് പത്രം ഓരോ ക്ലാസ്സിലേയ്ക്കും അസംബ്ലിക്ക് ശേഷം വിതരണം ചെയ്യുന്നു. കുട്ടികൾ ഒഴിവ് സമയങ്ങളിൽ ആ പത്രം വായിക്കുകയും പരസ്പരം വാർത്തകൾ കൈമാറുകയും ചെയ്യുന്നു.

കുട്ടികളുടെ പഠനനിലവാരം കണ്ടെത്തുവാൻ ജൂൺ ആദ്യവാരത്തിൽ തന്നെ പ്രീ-ടെസ്റ്റ് നടത്തി, വിശകലനം ചെയ്ത് മികവുകളും, പരിമിതികളും കണ്ടെത്തുന്നു. പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തി കുട്ടികളെ മെച്ചപ്പെടുത്തുന്നു.

ആഴ്ചയിൽ 2 ദിവസം ഇംഗ്ലീഷ് ലൈബ്രറി ബുക്ക് വായിച്ച് വായനക്കുറിപ്പ് തയ്യാറാക്കി അസംബ്ലിയിൽ അവതരിപ്പിക്കുന്നു. ഏതെങ്കിലും ഒരു ക്ലാസ്സ് പറഞ്ഞ് ആ ക്ലാസ്സിലെ റോൾ നമ്പർ പറഞ്ഞ്, ആ കുട്ടി വന്ന് വായനാക്കുറിപ്പ് അസംബ്ലിയിൽ അവതരിപ്പിക്കാൻ ഹെഡ്മിസ്ട്രസ്സ് ആവശ്യപ്പെടുന്നു. അതിനാൽ എല്ലാ കുട്ടികളും ഇംഗ്ലീഷ് ബുക്ക്സ് വായിക്കുന്ന ശീലം ഉറപ്പാക്കാൻ സാധിക്കുന്നു.

ഒക്ടോബർ മാസത്തിൽ L.P, U.P, H.S തലത്തിൽ ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുന്നു. നിർബന്ധമായും ഒരു ക്ലാസ്സിലെ എല്ലാ കുട്ടികളും ഇതിൽ പങ്കെടുക്കണമെന്ന് ആവശ്യപ്പെടുന്നതിനാൽ കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വർദ്ധിക്കുന്നു. അതിനോടൊപ്പം കൊറിയോഗ്രാഫി, ഡ്രാമ എന്നിവയും നടത്തുന്നു. ഒരുമാസത്തെ ഒഴിവ് കൊടുത്തുകൊണ്ട് ഇംഗ്ലീഷ് മാഗസിൻ തയ്യാറാക്കാൻ അവസരം നൽകുന്നു. തന്മൂലം ഒരു ക്ലാസ്സിലെ എല്ലാ കുട്ടികളും നിർബന്ധമായും ഒരു 'സൃഷ്ടി' [കഥ, കവിത, സംഭാഷണം] എന്നിവ അതിലേക്ക് നൽകുന്നു. L.P, U.P, H.S വിഭാഗത്തിൽ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകളും നടത്തുന്നു.

**പരിമിതികൾ**

- ✶ English Library – English Corner ഉൾപ്പെടുത്തിയിട്ടുണ്ട്.
- ✶ English Vocabulary, Grammer എന്നിവയിൽ എല്ലാ കുട്ടികളേയും മികവുറ്റതാക്കാൻ സാധ്യമാകാതിരിക്കുക.
- ✶ English ഡയറിക്കുറിപ്പെഴുതാൻ

**<u>മലയാളം മികവ്</u>**

- അധ്യാപകരുടെ സന്ദേശം
- മലയാളം അസംബ്ലി
- പത്ര വിതരണം
- പ്രീ ടെസ്റ്റ്
- ലൈബ്രറി പുസ്തക വായന
- കലോത്സവം
- വിദ്യാരംഗം കലാസാഹിത്യവേദി, P.B.S സംഘടനാ പ്രവർത്തനങ്ങൾ
- ക്വിസ് മത്സരം
- മലയാളത്തിളക്കം

മലയാളം അസംബ്ലിയിൽ വാർത്തകൾ കണ്ടെത്തി വായിക്കാനും സ്വന്തം കവിതയോ, സ്വായത്തമാക്കിയ കവിതയോ പ്രസംഗങ്ങളോ അവതരിപ്പിക്കാനും കുട്ടികൾക്ക് അവസരം ലഭിക്കുന്നു. അസംബ്ലിക്ക് ശേഷം ക്ലാസ്സുകളിലേക്ക് വരുന്ന പത്രങ്ങളിൽ നിന്നും പ്രധാന വാർത്തകൾ ടീച്ചർ അവതരിപ്പിക്കുന്നു. ഒഴിവു സമയങ്ങളിൽ കുട്ടികൾ പത്രം വായിക്കുകയും പ്രധാന points നോട്ട് ചെയ്യുകയും ചെയ്യുന്നു. ഓരോ മാസവും നടത്തുന്ന ക്വിസ് മത്സരത്തിൽ ഇത് ഉപകാരം ചെയ്യുന്നു.

ജൂൺ ആദ്യവാരത്തിൽ കുട്ടിയുടെ പഠനനിലവാരം കണ്ടെത്താനായി പ്രീ-ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. പരിമിതികൾ മികവുറ്റതാക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു. ഇതുമായി ബന്ധപ്പെട്ട് അക്ഷരജ്ഞാനമില്ലാത്തവരെ മലയാളത്തിളക്കവുമായി ഉൾപ്പെടുത്തി അക്ഷരം പഠിപ്പിക്കാൻ തുടങ്ങുന്നു.

ലൈബ്രറി പുസ്തകങ്ങൾ ഓരോ ക്ലാസ്സിലും വിതരണം, വായനക്കുറിപ്പ് തയ്യാറാക്കൽ, സംഘ പ്രവർത്തന ആക്കം കൂട്ടാൻ മാഗസിനുകളും, പതിപ്പുകളും തയ്യാറാക്കുന്നു. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളെ പോഷിപ്പിക്കാൻ യൂത്ത് ഫെസ്റ്റിവലിൽ കവിതാരചന, കഥാരചന, കവിത ചൊല്ലൽ, കഥ പറയൽ, നാടകാവതരണം, നാടൻ പാട്ട് മത്സരം..... എന്നിവ നടത്തുന്നു. വിദ്യാരംഗം കലാസാഹിത്യവേദിയിലേക്ക് ഓരോ ക്ലാസ്സിൽ നിന്നും രണ്ട് കുട്ടികളെ എടുത്ത് അവരിൽ നിന്നും ലീഡറെയും സെക്രട്ടറിയേയും കണ്ടെത്തി ചുമതലകൾ വിഭജിച്ചു നൽകുന്നു. P.B.S സംഘടനാ പ്രവർത്തനങ്ങൾ സജീവമായി പ്രവർത്തിക്കുന്നു. മലയാള ഭാഷയുടെ പോഷണത്തിനായി മാസത്തിൽ ഒരിക്കൽ ക്വിസ് മത്സരം മൈക്കിലൂടെ നടത്തുന്നു. സമ്മാനവിതരണവും നടത്തുന്നു.

**മലയാളം പരിമിതികൾ** :

- ✶ മലയാള ഭാഷാ നൈപുണ്യം എല്ലാവർക്കും നേടിയെടുക്കൽ
- ✶ സർഗ്ഗാത്മക കഴിവിന്റെ പൂർണത എല്ലാവരിലും ഉറപ്പാക്കൽ
- ✶ സ്വന്തമായ രചനകൾ മാത്രം അസംബ്ലിയിൽ അവതരിപ്പിക്കൽ

**<u>അടിസ്ഥാനശാസ്ത്രം മികവുകൾ</u>**

- ശാസ്ത്രമൂല
- ശാസ്ത്ര പുസ്തകങ്ങൾ
- നിരീക്ഷണ സാമഗ്രികൾ
- ചാർട്ടുകൾ, മാഗസിനുകൾ
- ICT
- സയൻസ് ലാബ്
- ക്വിസ് മത്സരം, പഠന ട്രിപ്പ്

ഓരോ ക്ലാസ്സിലും പാഠഭാഗവുമായി ബന്ധപ്പെട്ട് ചെയ്യാവുന്ന പ്രവർത്തനങ്ങൾക്കാവശ്യമായ സാമഗ്രികൾ തയ്യാറാക്കുന്നു. പുസ്തകങ്ങൾ, പരീക്ഷണ സാമഗ്രികൾ, ചാർട്ടുകൾ, ICT സാധ്യതകൾ കൂടുതൽ പരീക്ഷണങ്ങൾക്കായി എല്ലാ സജ്ജീകരണങ്ങളോടും കൂടിയ സയൻസ് ലാബ് ഉണ്ട്.

എല്ലാ മാസവും ശാസ്ത്രക്വിസ് നടത്തി, വിജയികളെ കണ്ടെത്തി അനുമോദിക്കുന്നു. കുട്ടികളുടെ ശാസ്ത്ര അന്വേഷണ ത്വര വർദ്ധിപ്പിക്കുന്നതിനായി പഠനയാത്ര (കുസാറ്റ് പോലെയുള്ള സ്ഥലങ്ങളിലേക്ക്) നടത്തുന്നു. ശാസ്ത്ര മാഗസിൻ ഓരോ ക്ലാസ്സും തയ്യാറാക്കുന്നതിനാൽ കുട്ടികളുടെ കഴിവ് വർദ്ധിക്കുന്നു. സ്കൂൾ തല എക്സിബിഷൻ നടത്തുന്നു. മികവുറ്റവയ്ക്ക് സമ്മാനങ്ങൾ കൊടുത്ത് പ്രോത്സാഹിപ്പിക്കുന്നു. Sub district മുതൽ State വരെ ശാസ്ത്ര പ്രദർശനത്തിൽ പങ്കെടുപ്പിച്ച് സമ്മാനങ്ങൾ നേടുന്നു. ശാസ്ത്രജ്ഞന്മാരുടെ ദിനാചരണങ്ങളിൽ പോസ്റ്റർ നിർമ്മാണം, ക്വിസ്, വായന എന്നിവ നടത്തുന്നു.

**പരിമിതികൾ** :

- ✶ L P, U.P എന്നീ വിഭാഗങ്ങൾക്ക് സയൻസ് ലാബ് ആവശ്യമാണ്.
- ✶ H.S Science Lab നവീകരിക്കണം
- ✶ Lab Class Room ആക്കേണ്ട അവസ്ഥ

**<u>സോഷ്യൽ സയൻസ് മികവ്</u>**

സാമൂഹ്യശാസ്ത്ര പഠനത്തിന് ആവശ്യമായ ICT സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു. സോഷ്യൽ സയൻസ് ക്വിസ് നടത്തുന്നു. ദിനാചരണങ്ങൾ നടത്തുന്നു. റാലി നടത്തുന്നു (സ്വാതന്ത്ര്യദിനം, ഹിരോഷിമാ ദിനം, നാഗസാക്കി ദിനം, റിപ്പബ്ലിക് ദിനം), പോസ്റ്റർ നിർമ്മാണം, പ്രസംഗമത്സരം എന്നിവ നടത്തുന്നു. സോഷ്യൽ സയൻസ് ക്ലബ്ബ് സജീവമായി പ്രവർത്തിക്കുന്നു. സബ് ജില്ലാ തലം മുതൽ സ്റ്റേറ്റ് തലം വരെയുള്ള എല്ലാ സാമൂഹ്യക്വിസ്, പ്രസംഗം, Still Model, Working Model എന്നിവയിൽ പങ്കെടുത്ത് സമ്മാനങ്ങൾ നേടുന്നു.

**<u>ഐ.ടി മികവ്</u>**

ICT സാധ്യത Class Room കളിൽ

- Computer Lab
- Trained Teachers

ICT യുടെ സാധ്യത മികവുറ്റതാക്കാൻ ക്ലാസ്സ് മുറികൾ Smart Class Room ആക്കിയിരിക്കുന്നു. എല്ലാ അധ്യാപകർക്കും ആവശ്യമായ സമയങ്ങളിൽ ICT ഉപയോഗിക്കുന്നതിനുള്ള അവസരം ഉറപ്പാക്കിയിട്ടുണ്ട്. എല്ലാ അധ്യാപകർക്കും അതിനാവശ്യമായ പരിശീലനം നൽകുന്നു. H.S, U.P & L.P വിഭാഗങ്ങൾക്ക് തിരിച്ച് Lab ഒരുക്കിയിരിക്കുന്നു. ക്വിസ് മത്സരം നടത്തുന്നു. IT Club സജീവമായി പ്രവർത്തിക്കുന്നു. Sub District മുതൽ State വരെ Exhibition ന് പങ്കെടുത്ത് സമ്മാനങ്ങൾ നേടുന്നു.

**പരിമിതികൾ**

- ✶ എല്ലാ Class Room ഉം Smart Class ആക്കുക.
- ✶ L.P, U.P Lab ൽ കൂടുതൽ Computer ലഭ്യമാക്കുക.
- ✶ Lab നവീകരണം

**ഗണിതശാസ്ത്ര മികവ്**

ഗണിതശാസ്ത്ര പഠനത്തിനാവശ്യമായ ICT സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു. ഗണിതശാസ്ത്ര ക്വിസ് നടത്തുന്നു. ദിനാചരണങ്ങൾ നടത്തുന്നു. ഗണിതശാസ്ത്ര ക്ലബ്ബ് സജീവമായി പ്രവർത്തിക്കുന്നു. സ്കൂൾ തലത്തിൽ Exhibition നടത്തുന്നു. Sub ജില്ലാ തലം മുതൽ ഉയർന്ന വിജയത്തിൽ എത്തിച്ചേരാൻ കഴിയുന്നു. എല്ലാവർഷവും State തലത്തിൽ പങ്കെടുക്കാൻ സാധ്യമാകുന്നു. Class അടിസ്ഥാനത്തിൽ മാഗസിൻ നിർമ്മിക്കുന്നു. ICT യിലൂടെ ഗണിതപഠനം നടത്തുന്നു.

**പരിമിതി**

- ✶ ഗണിതലാബ് നവീകരണം

**കലാകായിക മികവ്**

കലാകായിക മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. സ്കൂൾ തലത്തിൽ വിജയികളായവരെ Sub ജില്ലാ തലം മുതൽ State വരെയുള്ള മത്സരങ്ങൾക്ക് പരിശീലനം നൽകുന്നു. കലാകായിക ഇനങ്ങൾ എല്ലാം തന്നെ പങ്കെടുക്കുന്നു. P T, Drawing, Music Teachers ന്റെ ഒപ്പം മറ്റ് വിദഗ്ധരായവരുടേയും സഹായത്താൽ മത്സരങ്ങളിൽ ഉന്നതവിജയം നേടാൻ കഴിയുന്നു. ഗൈഡിംഗ്, ബുൾ ബുൾ, Red Cross എന്നിവയും സജീവമായി പ്രവർത്തിക്കുന്നു. Chess, Batmenton, Yoga, football, Volleyball എന്നിവയ്ക്കും പ്രത്യേക പരിശീലനം നൽകി വരുന്നു.

**പഠനയാത്ര**

ഓരോ ക്ലാസ്സുകാരേയും പഠനയാത്രയ്ക്ക് കൊണ്ടുപോകുന്നു. മ്യൂസിയം, ശക്തൻ തമ്പുരാൻ, കൊട്ടാരം, കുസാറ്റ്, വിജ്ഞാൻ സാഗർ എന്നിവ സന്ദർശിക്കുന്നു.

**പച്ചക്കറിത്തോട്ടം മികവ്**

വിദ്യാലയത്തിന്റെ സ്ഥലപരിമിതിക്കനുസരിച്ച് ഗ്രോ ബാഗിൽ പച്ചക്കറി കൃഷി നടത്തുന്നു. അതിന് ചാർജ്ജുള്ള അധ്യാപികയും കുട്ടികളും വേണ്ട പരിചരണം നൽകുന്നു. പച്ചക്കറികൾ ഉച്ചഭക്ഷണത്തിനായി വിദ്യാലയത്തിൽ തന്നെ ഉപയോഗിക്കുന്നു.

**<u>പരിമിതി</u>**

- ✶ സ്ഥല പരിമിതി

**<u>പോഷകാഹാരപരിപാടി– മികവ്</u>**

എല്ലാ ദിവസവും കുട്ടികൾക്ക് പോഷകാഹാര സമൃദ്ധമായ ഉച്ചഭക്ഷണം നൽകി പോരുന്നു. കുട്ടികളും അധ്യാപകരും സ്വന്തം വീട്ടിൽ കൃഷി ചെയ്ത ശുദ്ധമായ പച്ചക്കറി കൾ ഉച്ചഭക്ഷണത്തിന് വിദ്യാലയത്തിലുപയോഗിക്കുന്നു. പാലും മുട്ടയും കൃത്യമായി തന്നെ കൊടുത്തുവരുന്നു. കൃത്യമായ Menu follow ചെയ്യുന്നു. എല്ലാ കുട്ടികളും കഴിക്കു ന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു. നല്ല വൃത്തിയും വെടിപ്പുമുള്ള അടുക്കളയും ആവശ്യമായ പാത്രങ്ങളും ഉണ്ട്. നന്നായി പാചകം ചെയ്യുന്നതിനായി ഒരാളെ നിയമിച്ചിട്ടുണ്ട്. അധ്യാപ കർ അവരുടെ കുട്ടികൾക്ക് ഭക്ഷണം വിളമ്പിക്കൊടുക്കുന്നു. ചാർജ്ജുള്ള അധ്യാപകർ എല്ലാ ദിവസത്തേയും കണക്കുകൾ കൃത്യമായി ചെയ്തു പോരുന്നു.

**<u>പരിമിതി</u>**

- ✶ സ്വന്തമായി കൃഷി ചെയ്ത പച്ചക്കറി ഭക്ഷണത്തിലുൾപ്പെടുത്താനുള്ള സ്ഥല പരിമിതി.

**<u>ദിനാചരണം</u>**

ഓരോ മാസത്തേയും വിശേഷദിനങ്ങൾ മെയ് മാസത്തിൽ അധ്യാപകർ ചർച്ച ചെയ്ത് കണ്ടെത്തുന്നു. ഓരോ ദിവസവും ചെയ്യേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തി വാർഷിക കലണ്ടർ, മാസ കലണ്ടർ എന്നിവ തയ്യാറാക്കുന്നു. അതാതു മാസങ്ങളിൽ നിശ്ച യിച്ച അധ്യാപകർ ദിനാചരണം ഭംഗിയായി നടത്തുന്നു. ക്വിസ്, പോസ്റ്റർ, വായനക്കുറിപ്പ്, റാലി, ചുമർ പത്രിക..... എന്നിവ തയ്യാറാക്കുന്നു.

**<u>വായന പരിപോഷണം</u>**

കുട്ടികളുടെ വായന പരിപോഷിപ്പിക്കാൻ ക്ലാസ്സ് തല ലൈബ്രറി ഒരുക്കിയിട്ടുണ്ട്. കൂടാതെ സ്കൂൾ ലൈബ്രറിയുടെ സേവനവും ലഭ്യമാക്കുന്നു. ഓരോ കുട്ടിയ്ക്കും പുസ്തകം കിട്ടി എന്നുറപ്പു വരുത്താൻ Issue Register ൽ രേഖപ്പെടുത്തുന്നു. വായനയെ പ്രോത്സാഹി പ്പിക്കാൻ ഓരോ ദിവസവും വർത്തമാനപത്രം വായിക്കാനവസരം നൽകുന്നു. ലൈബ്രറി പുസ്തകങ്ങൾ വായിച്ച് വായനക്കുറിപ്പ് തയ്യാറാക്കുന്നു. ലൈബ്രറി ശാക്തീകരണം വിവിധ രീതിയിൽ നടക്കുന്നു. ഓരോ കുട്ടിയും ജന്മദിനത്തിന് ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ നൽകി വരുന്നു. ഓരോ വർഷവും SSA Fund ഉപയോഗിച്ച് ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നു. വിദ്യാലയ ഫണ്ടുപയോഗിച്ചും ആവശ്യമായ പുസ്തകങ്ങൾ വാങ്ങുന്നു.

## SRG

L P, U P, H S വിഭാഗങ്ങൾ തിരിച്ച് SRG കൺവീനർമാരെ തിരഞ്ഞെടുക്കുന്നു. എല്ലാ ആഴ്ചയിലും S.R.G Meeting H.M ന്റെ നേതൃത്വത്തിൽ കൂടുന്നു. ക്ലാസ്സ് തല പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് പോരായ്മ കണ്ടെത്തുന്നു. മികവുറ്റതാക്കാൻ കൊടുക്കേണ്ട തുടർ പ്രവർത്തനങ്ങൾ നൽകുന്നു. പ്രധാനാധ്യാപികയുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പറയുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട് മികച്ച പ്രവർത്തനങ്ങൾ കണ്ടെത്തുന്നു.

**സാഹിത്യപോഷണപരിപാടികൾ**

- ✶ സെമിനാറുകൾ
- ✶ ശില്പശാല - സ്കൂൾ തലം, ജില്ലാതലം
- ✶ ബോധവത്കരണ ക്ലാസ്സുകൾ
- ✶ മാഗസിൻ, സ്കൂൾ മാഗസിൻ
- ✶ ദിനാചരണ പ്രവർത്തനങ്ങൾ (കവിതാരചന, ക്വിസ് ഉപന്യാസ രചന, പോസ്റ്റർ, പ്രസംഗം)
- ✶ വിവിധ സംഘടനകൾ - വിദ്യാരംഗം, P.B.S
- ✶ വന്യജീവി വാരാഘോഷ മത്സരങ്ങളിൽ പങ്കെടുക്കൽ

**സ്കൂൾ പത്രം - മാസിക**

- ✶ സ്നേഹ സേന, കുഞ്ഞു മാലാഖ, ക്രിസ്റ്റീൽ കുട്ടികളുടെ ദീപിക, കിന്നരി എന്നീ പുസ്തകങ്ങിയ ലഭ്യമാക്കുന്നു.
- ✶ മനോരമ, ദീപിക, വീക്ഷണം, മെട്രോ വാർത്താ, ദേശാഭിമാനി എന്നീ പത്രങ്ങൾ ക്ലാസ്സുകളിൽ ലഭ്യമാക്കുന്നു. DCL – ക്വിസിനായുള്ള ചോക്ലേറ്റ് പത്രം ലഭ്യമാക്കൽ

**മെഡിക്കൽ ക്യാമ്പ്** :

- ✶ Health Club – ന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തുന്നു.
- ✶ Blood donation നടത്തുന്നു.

**അഭിമുഖം :**

- ✶ വിദഗ്ദരായ ഡോക്ടർ മാരുമായുള്ള അഭിമുഖം
- ✶ എക്സൈസ് ഇൻസ്പെക്ടർ ആയുള്ള അഭിമുഖം
- ✶ പ്രശസ്ത എഴുത്തുകാരുമായുള്ള അഭിമുഖം
- ✶ Counselling Classes

**<u>പ്രവൃത്തി പരിചയ പഠനം :</u>**

- ✶ സ്കൂൾ തലത്തിൽ പ്രവൃത്തി പരിചയമേള
- ✶ സബ് ജില്ലാ തലം മുതൽ ജില്ലാ തലം വരെ കുട്ടികളെ പങ്കെടുപ്പിക്കൽ
- ✶ U.P മുതൽ കുട്ടികൾക്ക് പ്രവൃത്തി പരിചയപഠനം

**<u>ക്ലാസ്സ് PTA:</u>**

- ✶ എല്ലാ വർഷവും സ്കൂൾ തുറന്ന ആഴ്ചയിൽ
- ✶ ടേം മൂല്യനിർണയത്തിനു ശേഷം Class PTA കൂടുന്നു.
- ✶ കുട്ടികളുടെ പഠനനിലവാരം വിലയിരുത്തൽ, സ്വഭാവരൂപീകരണം.

**<u>ടേം മൂല്യനിർണ്ണയം :</u>**

ഓരോ മാസവും Monthly Test നടത്തി മൂല്യനിർണ്ണയം നടത്തി പിന്നോക്കക്കാരെ കണ്ടെത്തി തുടർ പ്രവർത്തനങ്ങൾ നൽകി അവരെ പഠനത്തിൽ മുൻപിലെത്തിക്കുന്നു. ഓരോ ടേമിലും മൂല്യ നിർണ്ണയം നടത്തുന്നു. Class P.T.A കൂടി Term മൂല്യനിർണയം വില യിരുത്തുന്നു. രക്ഷിതാക്കളുടെ സഹായം നേടുന്നു. പഠിക്കാൻ പിന്നോക്കക്കാരുടെ വീട്ടിൽ അദ്ധ്യാപകർ സന്ദർശനം നടത്തുന്നു. SSLC വിദ്യാർത്ഥികളിൽ പിന്നോക്കം നിൽക്കുന്ന വർക്ക് വൈകീട്ട് 3 മണി വരെ അദ്ധ്യാപകർ പഠിപ്പിക്കുന്നു. കുട്ടികൾക്ക് കൗൺസലിംഗ് സൗകര്യം ഒരുക്കിയിരിക്കുന്നു. മികച്ച സിസ്റ്റേഴ്സിന്റെ സേവനം ഇതിനു ലഭ്യമാണ്.

**<u>സാമൂഹികം :</u>**

നല്ല ഒരു P.T.A ഇവിടെയുണ്ട്. എല്ലാ മാസവും P.T.A യുടെ Executive Meeting കൂടു ന്നു. ഓരോ മാസവും ചെയ്യേണ്ട കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുത്ത് നടപ്പിലാക്കു ന്നു. കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കാൻ ആവശ്യമായ സെമിനാറുകളും ശില്പശാ ലകളും P T A യുടെ നേതൃത്വത്തിൽ നടത്തി ജൈവ വൈവിധ്യ പാർക്കിനു വേണ്ടി കുട്ടി കൾക്ക് (Hanging Garden) നുവേണ്ട പരിശീലനം നൽകുന്നു. ആഘോഷങ്ങളിൽ (ക്രിസ്തു മസ്, ഓണം) P.T.A യുടേയും കുട്ടികളുടേയും സജീവസാന്നിധ്യം SSLC കുട്ടികളിൽ പിന്നോക്കം നിൽക്കുന്നവരുടെ വീടുകളിലേക്ക് P.T.A ക്കാർ സന്ദർശനം നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു. മദർ P.T.A സജീവമായി പ്രവർത്തിക്കുന്നു. അമ്മമാർക്ക് വിദഗ്ധ രായവരെക്കൊണ്ട് ക്ലാസ്സ് നൽകുന്നു. എല്ലാ വർഷവും ഡിസംബർ 26 ന് പൂർവ്വവിദ്യാർത്ഥി സംഗമം നടത്തുന്നു.

**ഭൗതികം :**

വിദ്യാലയത്തിന് ചുറ്റും വളരെ ഉയരം കൂടിയ ചുറ്റുമതിലും, ഗേറ്റും ഉണ്ട്. കൂടാതെ കുട്ടികളുടെ സംരക്ഷണത്തിനായി വാച്ച്മാനും CCTV കാമറയുടെ സഹായവും ഉണ്ട്. റോഡ് കുറുകെ കടക്കുന്നതിന് പോലീസ് സഹായം ഉണ്ട്. വിശാലമായ ക്ലാസ്സ് റൂമുകളും, ഫാൻ, അലമാര, ലൈറ്റ്, മൈക്ക്, പ്രൊജക്ടർ എന്നീ സംവിധാനങ്ങളും വിദ്യാലയത്തിലുണ്ട്. മനോഹരമായ ഓഫീസ് റൂമും. പ്രാർത്ഥനാചൈതന്യം തുളുമ്പുന്ന ഫോട്ടോയും വിദ്യാലയത്തിലുണ്ട്. എല്ലാ ടീച്ചേഴ്സിനും ഇരിക്കാൻ പാകമായ സ്റ്റാഫ് റൂം, ഡെസ്കും ഇവിടെയുണ്ട്. വിശ്രമമുറിയും എല്ലാ സൗകര്യങ്ങളോടു കൂടിയ കമ്പ്യൂട്ടർ റൂമും ഇവിടെയുണ്ട്. ഉച്ചസമയത്ത് കുട്ടികൾ ഒരുമിച്ചിരുന്ന് കാണാൻ മുറ്റത്ത് LED TV പ്രയോജനപ്പെടുത്താറുണ്ട്. മൾട്ടിമീഡിയ റൂമും ഈ വിദ്യാലയത്തിലുണ്ട്. എല്ലാ ഭാഷയിലുമുള്ള അതിവിപുലമായ പുസ്തകശേഖരണം ഉണ്ട്. കുട്ടികൾക്ക് സ്വസ്ഥമായിരുന്ന് വായിക്കാനും കഴിയുന്നു. കുട്ടികൾക്ക് പുസ്തകം എടുത്ത് കൊടുക്കാൻ രണ്ട് ലൈബ്രേറിയൻ കൂടി ഉണ്ട്. ഉച്ചഭക്ഷണം പാചകം ചെയ്യാൻ വൃത്തിയും വെടിപ്പുമുള്ളതും ആധുനിക സൗകര്യങ്ങളോടു കൂടിയതുമായ അടുക്കളയും പാത്രങ്ങളും ഉണ്ട്.

മൂവായിരത്തോളം വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിലുണ്ട്. അവർക്കെല്ലാം ഒരുമിച്ചു കൂടി അസംബ്ലിയിൽ പങ്കെടുക്കാൻ വിധത്തിലുള്ള വെയിലും മഴയും കൊള്ളാത്ത ഫാൻ സൗകര്യമുള്ള വിശാലമായ അസംബ്ലി ഹാളുണ്ടിവിടെ. ശുദ്ധമായ കുടിവെള്ളത്തിനായി ഫിൽട്ടർ സംവിധാനവും ഉണ്ട്. മാലിന്യങ്ങൾ കത്തിക്കാനായി "ഇൻസിലേറ്റർ" ഇവിടെ ഉണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം തയ്യാറാക്കിയ ടോയ്ലറ്റുകളുമുണ്ട്. ഹൈസ്കൂളുകൾക്ക് മാത്രമേ ലാബ് സൗകര്യമുള്ളൂ.

**പരിമിതികൾ**

- ✶ കളിസ്ഥലം സ്കൂളിനോടനുബന്ധിച്ചല്ല
- ✶ ചിൽഡ്രൻസ് പാർക്കിന് സ്ഥലപരിമിതി
- ✶ ഉച്ചഭക്ഷണ കുട്ടികൾക്കുള്ള ഡൈനിംഗ് ഹാൾ

## പദ്ധതി രൂപീകരണ പ്രക്രിയ

1. വിദ്യാലയ വികസനസമിതി മീറ്റിംഗ്
2. അദ്ധ്യാപക രക്ഷാകർത്തൃ എക്സിക്യൂട്ടീവ് മീറ്റിംഗ്
3. മദർ പി.ടി.എ
4. എസ്.ആർ.ജി മീറ്റിംഗ്
5. സ്റ്റാഫ് മീറ്റിംഗ്

മുകളിൽ പറഞ്ഞ യോഗങ്ങളിൽ വിദ്യാലയ വികസന പദ്ധതിയുടെ പ്രവർത്തന ങ്ങളെക്കുറിച്ച് ചർച്ച നടത്തി. തുടർന്ന് അദ്ധ്യാപകരുടെ നേതൃത്വത്തിൽ ഗ്രൂപ്പുകൾ ആയി തിരിഞ്ഞു. ഓരോ ഗ്രൂപ്പും ഓരോ മേഖലകൾ തിരഞ്ഞെടുത്തു. വീണ്ടും ഗ്രൂപ്പുകളിൽ ചർച്ച നടത്തി. എല്ലാവരുടേയും സഹകരണത്തോടെയാണ് വികസന രേഖ തയ്യാറാക്കിയിരിക്കുന്നത്.

**വിദ്യാലയ വികസന പദ്ധതിയിൽ പരിഗണിച്ച പ്രവർത്തനങ്ങൾ 2023-24**

- Smart Room Class
- ജൈവ വൈവിധ്യ ഉദ്യാനം
- പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ പരിശീലനം നൽകി മുൻനിരയിലെത്തിക്കുക
- ഭിന്നശേഷിക്കാരുടെ നിലവാരം മെച്ചപ്പെടുത്തുക
- പ്ലാസ്റ്റിക് നിർമ്മാർജ്ജനം
- പഠനനിലവാരമനുസരിച്ച് വിദ്യാർത്ഥികളെ മൂന്ന് ഗ്രേഡുകളിലായി തിരിച്ച് പരിശീലനം നൽകുന്നു.

**2024- 2025**

- സയൻസ് ലാബ് നവീകരണം - ശാസ്ത്രപഠനം മെച്ചപ്പെടുത്തൽ
- ഇംഗ്ലീഷ് ഭാഷാ വികസനം
- കരിയർ ഗൈഡൻസ്

**2025-2026**

- ഭാഷാ ലാബ് (English)
- എൽ.പി വിഭാഗം കമ്പ്യൂട്ടർ ലാബ്
- ടോയ്ലറ്റിന്റെ എണ്ണം വർദ്ധിപ്പിക്കൽ
- ഉച്ചഭക്ഷണത്തിന് ഡൈനിംഗ് ഹാൾ
- LSS, USS, NMMS Scholarship പരീക്ഷകളിൽ ജില്ലയിൽ ഒന്നാമത്

**2026-2027**

- പഴയ കെട്ടിടം പുനരുദ്ധാരണം
- 1 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ്സ് റൂം ഹൈടെക് ആക്കണം
- ഇൻഡോർ ഗെയിംസ്
- സയൻസ് ലാബ് നവീകരണം
- IT Lab നവീകരണം

**2027-2028**

- ✶ സ്ക്കോളർഷിപ്പ് പരീക്ഷകൾക്ക് പ്രത്യേകം പരിശീലനം
- ✶ 'സ്പെൽ ബി' പോലുള്ള അന്തർദേശീയ മത്സര ഇനങ്ങളിൽ പ്രത്യേക പരിശീലനം നൽകി, വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നു.
- ✶ വിദ്യാർത്ഥികളുടെ ബാഗിന്റെ ഭാരം കുറയ്ക്കാൻ Tab കൾ ലഭ്യമാക്കുക.
- ✶ Class സമയത്തിൽ മാറ്റം വരുത്തുക
- ✶ Clas Time 8.30 മുതൽ 1 മണി വരെ
- ✶ തുടർന്ന് കുട്ടികൾക്ക് തൊഴിലധിഷ്ഠിതമായ എന്തെങ്കിലും Course കൾ നൽകുക.

**നിലവിലെ അവസ്ഥാ വിശകലനം**

- 1939 ൽ വാഴ്ത്തപ്പെട്ട മദർ മറിയം ത്രേസ്യ ഈ വിദ്യാലയം സ്ഥാപിച്ചു.
- ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ്സ് റവ.സി.ഗ്ലോറി (സി.മിനി ജോൺ) C.H.F
- തൃശൂരിന്റെ നഗര പരിസരത്ത് പാലസ് റോഡ് സ്റ്റേറ്റ് മ്യൂസിയത്തിന് എതിർവശത്ത് സ്ഥിതി ചെയ്യുന്നു.
- വിദ്യാർത്ഥികൾക്ക് സുഗമമായ യാത്രാ സൗകര്യങ്ങളുണ്ട് എന്നതിനാൽ എത്തിച്ചേരാൻ എളുപ്പമാണ്. 6 സ്കൂൾ ബസ്സുകൾ സർവ്വീസ് നടത്തുന്നു.
- ജാതിമതഭേദമന്യേ എല്ലാ വിഭാഗത്തിലുള്ള വിദ്യാർത്ഥികളും ഇവിടെ അധ്യയനം നടത്തുന്നു.

**വിദ്യാലയം മികവിന്റെ കേന്ദ്രം**

- 43 ക്ലാസ്സ് മുറികളും, രണ്ട് ഓഡിറ്റോറിയവും ഈ വിദ്യാലയത്തിലുണ്ട്.
- H.S, U.P, L.P വിഭാഗത്തിന് വെവ്വേറെ I.T Lab, Science Lab
- H.S, U.P സംസ്കൃതം ക്ലാസ്സ് മുറികൾ
- കാറ്റും വെളിച്ചവുമുള്ള വൃത്തിയുള്ള ക്ലാസ്സ് മുറികളും സംവിധാനങ്ങളും
- ഹൈടെക് ക്ലാസ്സ്മുറികൾ
- സ്മാർട്ട് ക്ലാസ് മുറികൾ
- സ്റ്റാഫ് റൂം, ഓഫീസ്, I.T Lab എന്നിവയിൽ വൈഫൈ സംവിധാനം
- സ്കൂളും പരിസരവും CCTV ക്യാമറയുടെ നിരീക്ഷണത്തിൽ
- കമ്പ്യൂട്ടറുകളുടെ എണ്ണം : 40
- ലാപ്ടോപ്പുകളുടെ എണ്ണം : 12
- പ്രൊജക്ടറുകളുടെ എണ്ണം : 22

- വിദ്യാർത്ഥികളുടെ സുരക്ഷയ്ക്ക് സെക്യൂരിറ്റി വുമന്റെ സേവനം
- 24 മണിക്കൂറും ജലവിതരണ സംവിധാനം
- ക്ലാസ്സ് മുറികളിൽ ലൈറ്റ്, ഫാൻ സൗകര്യങ്ങൾ
- മനം കവരുന്ന പൂച്ചെടികൾ, അലങ്കാരച്ചെടികൾ, ഓർക്കിഡുകൾ, ഹാങ്ങിംഗ് ഗാർഡൻ
- മട്ടുപ്പാവിലെ ജൈവപച്ചക്കറി കൃഷി
- വൃത്തിയുള്ള 35 ലേറെ ടോയ്‌ലറ്റുകൾ
- പെൺകുട്ടികൾക്ക് Napkin dispose ചെയ്യാൻ ഇൻസിനറേറ്റർ
- മാലിന്യ സംസ്കരണത്തിന് ഇൻസിനറേറ്റർ സൗകര്യം
- പ്ലാസ്റ്റിക് പേനകൾ നിക്ഷേപിക്കുന്ന ബോക്സ്
- പീച്ചി ജലവിതരണ സംഭരണി
- സ്വന്തമായി കിണർ -4
- കുടിവെള്ളത്തിന് water purifier
- കൈകൾ വൃത്തിയാക്കുന്നതിന് 100 ലേറെ ടാപ്പുകൾ
- 11000 പുസ്തകങ്ങളുടെ വിപുലമായ ലൈബ്രറി
- ലൈബ്രേറിയന്റെ മുഴുവൻ സമയ പ്രവർത്തനം
- നല്ല അയൽബന്ധങ്ങൾ
- വൃത്തിയായ ടൈൽ പാകിയ മുറ്റവും, ഓഡിറ്റോറിയവും
- 1 മുതൽ 10 വരെ ക്ലാസ്സുകളിലെ ആകെ കുട്ടികളുടെ എണ്ണം - 2035
- അധ്യാപികാനധ്യാപകർ - 57+5=62
- വിദ്യാലയത്തിനോട് ചേർന്ന് Pre-primary school പ്രവർത്തിക്കുന്നു.
- കുട്ടികൾക്ക് കളിക്കാൻ ചിൽഡ്രൻസ് പാർക്ക്
- മരുന്നുകളും, ഫസ്റ്റ് എയിഡുകളും സൂക്ഷിക്കാൻ റഫ്രിജറേറ്റർ
- വിദ്യാലയത്തിലെ കർട്ടനുകളും, വിരികളും വൃത്തിയാക്കുന്നതിന് വാഷിംഗ് മെഷീൻ
- ഉച്ചഭക്ഷണ അടുക്കള, പാചകമുറി, കലവറ
- 3 വലിയ ഗ്യാസ് അടുപ്പുകൾ, പ്രഷർ കുക്കർ, പാത്രങ്ങൾ
- ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികളുടെ എണ്ണം-1109
- സ്കൂൾ സമയം 09.30 മുതൽ 3.45 വരെ
- വൈവിധ്യമാർന്ന പരിപാടികളോടെ അസംബ്ലി

- അസംബ്ലിയോടനുബന്ധിച്ച് മാസ്ഡ്രിൽ
- അലങ്കാരമത്സ്യങ്ങൾ വളർത്തുന്നു
- വൃത്തിയുള്ള യൂണിഫോമും, വസ്ത്രധാരണ രീതികളും കുട്ടികൾ പാലിക്കുന്നു
- ദിനാചരണങ്ങളിൽ അസംബ്ലിയിൽ പ്രത്യേക പരിപാടികൾ
- മാസം തോറും ക്വിസ് മത്സരങ്ങൾ
- എല്ലാ വിഷയത്തിലും എല്ലാ ക്ലാസ്സുകളിലും നിന്ന് കയ്യെഴുത്ത് മാസികകൾ പ്രസിദ്ധീകരിച്ചു
- മലയാള മനോരമ, ദീപിക, മാതൃഭൂമി, വീക്ഷണം, മലയാളം മെർക്കുറി എന്നീ ദിനപ്പത്രങ്ങൾ വിതരണം ചെയ്യുന്നു.
- ബാലരമ, ഡൈജസ്റ്റ്, കുഞ്ഞുമാലാഖ, ഹോളി ഫാമിലി ബുള്ളറ്റിൻ, സ്നേഹസേന എന്നീ പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്യുന്നു.
- O.S.A യുടെ സജീവ പ്രവർത്തനം
- ആഴ്ച തോറും SRG Meeting
- P.T.A യുടെ സജീവപങ്കാളിത്തം
- ജൂൺ 2 പ്രവേശനോത്സവത്തോടെ പുതിയ അധ്യയന വർഷത്തിന് ആരംഭം
- പി.ടി.എ പ്രസിഡണ്ട് ശ്രീ രാജൻ അറക്കൽ യോഗം ഉദ്ഘാടനെം ചെയ്തു.
- SSLC പരീക്ഷ 285 വിദ്യാർത്ഥികൾ എഴുതിയതിൽ 76 $A^+$.
- വായനദിനം സാഹിത്യകാരി മിനി ചെറിയാൻ ആർ ഉദ്ഘാടനം ചെയ്തു
- വായന ദിനത്തോടനുബന്ധിച്ച് വിദ്യാരംഗം കലാസാഹിത്യവേദിയുടേയും വിവിധ ക്ലബ്ബുകളുടേയും ഉദ്ഘാടനം നടന്നു.
- ലൈബ്രറി ബുക്കുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു.
- വായിച്ച ബുക്കുകളുടെ വായനക്കുറിപ്പ് മത്സരം നടത്തി
- ലൈബ്രറി കൗൺസിൽ സംഘടിപ്പിച്ച ക്വിസ് പ്രോഗ്രാം നടത്തി.
- ക്ലാസ് തലത്തിൽ സാഹിത്യയോഗങ്ങൾ നടത്തി
- ലഹരി വിരുദ്ധ വാരാചരണത്തോടനുബന്ധിച്ച് Quiz, Poster, റാലി എന്നിവ നടത്തി.
- വിദ്യാലയവും, പരിസരവും പുകയില നിരോധിത മേഖല
- School Protection Group ന്റെ സജീവ പ്രവർത്തനം
- പോലീസ്, Excise വകുപ്പിന്റെ നേതൃത്വത്തിലുള്ള ബോധവത്കരണ ക്ലാസ്സുകൾ
- കൗമാരപ്രായക്കാർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള Documentary പ്രദർശനം

- മുഴുവൻ സമയവും മൂന്ന് കൗൺസിലിംഗ് വിഭാഗക്കാരുടെ സേവനം
- വിദ്യാർത്ഥികൾക്കും, അധ്യാപികമാർക്കും PTA യുടെ ബോധവത്കരണ ക്ലാസ്സുകൾ
- ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി കൗൺസിലിംഗ് ക്ലാസ്സ്
- പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് morning, evening, night ക്ലാസ്സുകൾ പി.ടി.എയുടെ പിന്തുണയോടെ
- അദ്ധ്യാപകരുടേയും, PTA യുടേയും വിദ്യാർത്ഥികളുടെ ഭവനങ്ങൾ സന്ദർശനം
- PTA ജനറൽബോഡി യോഗവും, Executive യോഗങ്ങളും, Class PTA യും കൃത്യ മായി സംഘടിപ്പിക്കുന്നു.
- പഠന നിലവാരം വിലയിരുത്തി പരിഹാര നടപടികൾ നടത്തി.
- IED കുട്ടികൾക്ക് പ്രത്യേക പരിശീലനം
- 1-9 വരെ സ്റ്റാൻഡേർഡിലെ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുള്ള പരിശീ ലനം Special Coaching
- മെറിറ്റ് ഡേയിൽ ഉന്നത വിജയികൾക്ക് ട്രോഫിയും ക്യാഷ് അവാർഡുകളും വിതരണം.
- തൃശൂർ DDE ശ്രീ ബാലകൃഷ്ണൻ പി ഉദ്ഘാടനം ചെയ്തു.
- സ്കോളർഷിപ്പുകളും എൻഡോവ്മെന്റുകളും വിതരണം ചെയ്തു.
- വിദ്യാർത്ഥികൾക്ക് സർക്കാരിൽ നിന്നും യൂണിഫോം, ഉച്ചഭക്ഷണം എന്നിവ നൽകി.
- യൂണിറ്റ് ടെസ്റ്റ്, പരീക്ഷകൾ എന്നിവ കൃത്യമായി നടത്തുന്നു
- സ്കൂൾ തലത്തിൽ മേളകൾ സംഘടിപ്പിക്കുന്നു
- പ്രസംഗ മത്സരങ്ങൾ, രചനാ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു.
- സ്കൂൾ റെഡ് ക്രോസ് സംഘടനയിൽ 60 അംഗങ്ങൾ
- ബുൾ ബുൾ സേനയിൽ 50 അംഗങ്ങൾ
- Girls Guide ന്റെ സജീവ പ്രവർത്തനം
- മികച്ച സ്കൂൾ പാർലമെന്റ് പ്രവർത്തനം
- കേരളപ്പിറവി ദിനം ആഘോഷിച്ചു.
- പ്രതിജ്ഞ, ക്വിസ് മത്സരം എന്നിവ നടത്തി
- ശിശുദിന ജില്ലാ റാലിയിൽ പങ്കെടുത്തു
- സ്കൂളിൽ ശിശുദിനാഘോഷം
- കുട്ടികൾ ചാച്ചാജിയുടെ വേഷം ധരിച്ചു

- Documentary പ്രദർശിപ്പിച്ചു
- സബ് ജില്ലയിൽ ഒന്നാം സ്ഥാനം
- കായിക പരിശീലനത്തിനു കോച്ചിന്റെ സേവനം
- സ്ബ ജില്ലാ സംസ്കൃതോത്സവം U.P വിഭാഗം രണ്ടാം സ്ഥാനം.
- സംസ്കൃതോത്സവം H.S വിഭാഗം ഒന്നാം സ്ഥാനം
- സബ് ജില്ലാ ബാലകലോത്സവം L.P വിഭാഗം മൂന്നാം സ്ഥാനം
- സംസ്ഥാന കലോത്സവത്തിൽ കഥകളി ഗ്രൂപ്പ്, ചാക്യാർ കൂത്ത് എന്നിവയിൽ A Grade നേടി
- രാജ്യപുരസ്കാർ പുരസ്കാരം 28 പേർക്ക്
- രാഷ്ട്രപതി പരീക്ഷ എഴുതിയവർ 29.
- സ്കൂൾ സ്ഥാപകയായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായുടെ തിരുനാൾ ആഘോഷിച്ചു.
- ഓണത്തിനോടനുബന്ധിച്ച് PTA യുടെ പങ്കാളിത്തത്തോടെ പായസവിതരണം നടന്നു.
- 100 ലേറെ വിദ്യാർത്ഥികളെ സംഘടിപ്പിച്ച് മെഗാ തിരുവാതിര നടത്തി
- സഹപാഠിക്കൊരു ഓണപ്പുടവ സമ്മാനപദ്ധതി നടന്നു
- ഉച്ചഭക്ഷണ വിദ്യാർത്ഥികൾക്ക് ഓണസദ്യ നടത്തി.
- LSS - 18 വിദ്യാർത്ഥികൾ നേടി
- USS – 45 വിദ്യാർത്ഥികൾ നേടി
- NMMSE - 15 വിദ്യാർത്ഥികൾ നേടി
- സംസ്കൃതം സ്കോളർഷിപ്പ് : UP – 4, HS – 4

**<u>വിദ്യാലയത്തിൽ നിലവിലുള്ള അവസ്ഥ വിശകലനം</u>**

**മേഖല :- അക്കാദമികം**

**ഉപമേഖല**

**<u>1. ഭാഷാശേഷി വികസനം</u>**

- ✶ അസംബ്ലിയിൽ എല്ലാ ദിവസവും വായനക്കുറിപ്പ് വായിപ്പിക്കുന്നു. വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും മാറി മാറി അവസരം നൽകുന്നു.
- ✶ മലയാളത്തിളക്കം പരിപാടി കൂടുതൽ ഊർജ്ജസ്വലമാക്കുന്നു
- ✶ ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾ പരസ്പരം കൈമാറി വായിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നു. ഇതിനായി അധ്യാപകരുടെ കയ്യിൽ ലൈബ്രറി ബുക്ക് രജിസ്റ്റർ സൂക്ഷിക്കുന്നു.
- ✶ കുട്ടികളുടെ സർഗ്ഗാത്മകത വർദ്ധിപ്പിക്കാൻ ക്ലാസ്സ് തലത്തിൽ കൈയ്യെഴുത്ത് മാസിക മത്സരം
- ✶ കവിതാ സമാഹാരങ്ങൾ തയ്യാറാക്കുന്നു

- ✶ കഥാ സമാഹാരങ്ങൾ തയ്യാറാക്കുന്നു
- ✶ ആനുകാലിക വിഷയങ്ങൾ തയ്യാറാക്കുന്നു
- ✶ സംവാദങ്ങൾ സംഘടിപ്പിക്കുന്നു

**2. ഗണിത ശേഷി വികസനം**

- ✶ ഗണിത ലാബ് ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ സജീവമാക്കുന്നുണ്ട്.
- ✶ ഗുണനപ്പട്ടിക, സങ്കലനപ്പട്ടിക എന്നിവ സുതാര്യമായി കൈകാര്യം ചെയ്യാൻ പ്രാപ്ത രാക്കുന്നു.
- ✶ ക്ലാസ്സ് തലത്തിൽ ഗണിത മാഗസിൻ തയ്യാറാക്കുന്നു.
- ✶ പഠനോപകരണ നിർമ്മാണത്തിൽ കൂടുതൽ ഊന്നൽ നൽകുന്നു
- ✶ ഗ്രൂപ്പ് പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു
- ✶ മത്സരപരീക്ഷകൾക്ക് കുട്ടികളെ സജ്ജരാക്കുന്നു
- ✶ യുക്തി ചിന്തകൾ അടങ്ങിയ കൂടുതൽ ചോദ്യങ്ങൾ കൈകാര്യം ചെയ്യാനുള്ള അവ സരം നൽകുന്നു
- ✶ ഗണിത ക്വിസ് സംഘടിപ്പിക്കുന്നു
- ✶ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് താല്പര്യം വർദ്ധിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു
- ✶ ഗണിത ചോദ്യങ്ങൾക്കുള്ള സൂചകങ്ങൾ കുട്ടികൾക്ക് തനിയെ തയ്യാറാക്കാൻ അവ സരം കൊടുക്കുന്നു

**3. ഇംഗ്ലീഷ് പഠന പരിപോഷണം**

- ✶ ഇംഗ്ലീഷ് അസംബ്ലി കൂടുതൽ മെച്ചപ്പെടുത്തുന്നു
- ✶ ഇംഗ്ലീഷ് ഡയറിക്കുറിപ്പ് ആഴ്ചയിൽ 3 പ്രാവശ്യമെങ്കിലും തയ്യാറാക്കാനുള്ള പ്രാവീണ്യം നേടുന്നു.
- ✶ ക്ലാസ്സിലും ലൈബ്രറിയിലും ധാരാളം ഇംഗ്ലീഷ് പുസ്തകങ്ങൾ, വായന സാമഗ്രികൾ, പത്രങ്ങൾ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു.
- ✶ പതിപ്പുകൾ, മാഗസിൻ എന്നിവ തയ്യാറാക്കുന്നു
- ✶ മൾട്ടി മീഡിയ റൂം സന്ദർശനം ഉറപ്പുവരുത്തുന്നു

**4. ജൈവ വൈവിധ്യ പാർക്ക്**

- ✶ ഔഷധ ഉദ്യാനം മെച്ചപ്പെടുത്തുന്നു.
- ✶ പാഴ് വസ്തുക്കൾ ഉപയോഗിച്ച് ഹാങ്ങിംഗ് ഗാർഡൻ വിപുലീകരിക്കുന്നു
- ✶ നക്ഷത്രവനം ഒരുക്കുന്നു
- ✶ ഹരിത പാതകൾ, പച്ച പന്തലുകൾ
- ✶ ചെറിയ കുളം (ജല ജീവികൾ, ജല സസ്യങ്ങൾ)
- ✶ സസ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട നിരീക്ഷണ പരീക്ഷണങ്ങൾക്കാവശ്യമായ സസ്യങ്ങൾ
- ✶ ജൈവ കൃഷിയിടം ഊർജ്ജസ്വലമാക്കുന്നു

**5. മെഡിക്കൽ ക്യാമ്പ്**

- ✶ എല്ലാ കുട്ടികൾക്കും അവരവരുടെ രക്തഗ്രൂപ്പ് അറിയാനുള്ള അവസരം സ്കൂളിൽ ഒരുക്കുന്നു
- ✶ കുട്ടികളുടെ ഉയരം, തൂക്കം എന്നിവ ഇടയ്ക്കിടെ പരിശോധിക്കാനുള്ള സജ്ജീകരണം ഒരുക്കുന്നു
- ✶ സൗജന്യനേത്ര ചികിത്സാ ക്യാമ്പ് സംഘടിപ്പിക്കുന്നു
- ✶ സ്കൂളിൽ നഴ്സിന്റെ സാന്നിധ്യം ഉറപ്പ് വരുത്തുന്നു
- ✶ Health Club പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നു
- ✶ വിദഗ്ധ ഡോക്ടർമാരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു
- ✶ ഓരോ ക്ലാസ്സിലും first aid box നിർബന്ധമാക്കുന്നു

**6. അഭിമുഖം**

- ✶ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ വ്യക്തികളെ അഭിമുഖത്തിനായി സ്കൂളിൽ എത്തിക്കുന്നു.
  - → മെഡിക്കൽ ഓഫീസർ
  - → കൃഷി ഓഫീസർ
  - → കർഷകർ
  - → സാഹിത്യകാരന്മാർ
  - → മൃഗസംരക്ഷണ ഓഫീസർമാർ

**6. പോഷകാഹാര പരിപാടി**

- ✶ ഉച്ചഭക്ഷണ പരിപാടി കൂടുതൽ വിപുലമാക്കുന്നു
- ✶ ശുചിത്വം ഉറപ്പു വരുത്തുന്നു
- ✶ വിഷരഹിത പച്ചക്കറിയുടെ ഉപയോഗം ഉറപ്പ് വരുത്തുന്നു
- ✶ ചൂട് വെള്ള വിതരണത്തിനുള്ള ക്രമീകരണം
- ✶ Bio gas plant
- ✶ പ്രസിദ്ധീകരിച്ച മെനു
- ✶ ഗ്ലാസ്സുകളും പ്ലേറ്റുകളും എന്നും തിളച്ച വെള്ളത്തിൽ കഴുകുന്നു എന്ന് ഉറപ്പുവരുത്തുക
- ✶ വൈവിധ്യമാർന്ന പോഷകാഹാരം ഉറപ്പ് വരുത്തുന്നു

**മേഖല :- ഭൗതികം**

**ഉപമേഖല**

**1. മൾട്ടിമീഡിയ റൂം**

മൾട്ടി മീഡിയ സൗകര്യം എല്ലാ ക്ലാസ്സ് മുറികളിലും. LCD പ്രൊജക്ടർ, ഇന്ററാക്ടീവ് ബോർഡ്, വൈഫൈ സൗകര്യം, വീഡിയോ കോൺഫറൻസിന് കൂടി വഴങ്ങുന്ന ക്രമീകരണങ്ങൾ, സൗണ്ട് സിസ്റ്റം

**2. മാലിന്യ സംസ്ക്കരണം**

- ഇൻസിനറേറ്റർ പ്രവർത്തനം ഉറപ്പാക്കുന്നു
- Bio gas plant
- ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കാനുള്ള സൗകര്യം ഉറപ്പാക്കുന്നു
- എല്ലാ ക്ലാസ് മുറികളിലും Waste Bin
- ആഴ്ചയിൽ ഒരിക്കൽ Dry day ആചരണം

**3. Childrens Park**

- കളിയുപകരണങ്ങൾ യഥാസമയം കേടുപാടുകൾ തീർക്കുന്നു.
- അവ പ്രവർത്തനസജ്ജമാണോ എന്ന് പരിശോധിക്കുന്നു
- എല്ലാ കുട്ടികൾക്കും പാർക്ക് സന്ദർശിക്കാനും ഉപയോഗപ്പെടുത്താനുമുള്ള അവസരം ഉണ്ടാക്കുന്നു.
- നൂതന രീതിയിലുള്ള ഉപകരണങ്ങൾ സംഘടിപ്പിക്കുന്നു
- ഇതിന്റെ മാത്രം മേൽനോട്ടത്തിനായി ഒരു വ്യക്തിയെ നിയമിക്കുന്നു.

**4. കുടിവെള്ള വിതരണം**

- സ്കൂളിലെ എല്ലാ നിലകളിലേക്കും വരാന്തകളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നു (water filter)
- ചൂടുവെള്ളത്തിന്റെ ക്രമീകരണം ഉറപ്പാക്കുന്നു
- ജല സംരക്ഷണ, വിതരണ സംവിധാനത്തിന് സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നു
- വാട്ടർ ടാങ്കുകൾ നിശ്ചിത ഇടവേളകളിൽ വൃത്തിയാക്കുന്നത് ഉറപ്പു വരുത്തുന്നു
- ക്ലോറിനേഷൻ ഉറപ്പാക്കുന്നു

**5. കമ്പ്യൂട്ടർ ലാബ്**

- ശബ്ദവ്യത്യാസം ഒരേ പോലെ എല്ലാവർക്കും ലഭ്യമാകുന്ന വിധം സജ്ജീകരിക്കുന്നു.
- മുടക്കമില്ലാത്ത വൈദ്യുതി ലഭ്യത - സോളാർ ജനറേറ്റർ
- ഭിന്നശേഷിക്കാർക്കായി പ്രത്യേക സംവിധാനം
- വാർഷിക maintenance contract
- AC സംവിധാനം
- Updation സൗകര്യം
- Smart Class Room

**ഉച്ചഭക്ഷണ പരിപാടി**

കുട്ടികളുടെ ആരോഗ്യപരിരക്ഷയെ മുൻനിർത്തി വളരെ നല്ല രീതിയിൽ വർഷങ്ങളായി ഉച്ചഭക്ഷണ പരിപാടി ഈ വിദ്യാലയത്തിൽ നടത്തി വരുന്നു. ഒന്നു മുതൽ എട്ടുവരെയുള്ള എല്ലാ ക്ലാസ്സുകളിലെയും കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നുണ്ട്. പ്രധാന അദ്ധ്യാപിക, P.T.A, M.P.T.A അംഗങ്ങൾ, കൗൺസിലർ, അദ്ധ്യാപക പ്രതിനിധികൾ,

പാചകത്തൊഴിലാളി എന്നിവരടങ്ങിയ ഒരു സംഘത്തിന്റെ കൂട്ടായ പ്രയത്നത്താലാണ് ഇത് ഇത്രയും ഭംഗിയായി നടത്തിക്കൊണ്ടുപോകാൻ സാധിക്കുന്നത്. വർഷാരംഭത്തിൽ തന്നെ ഉച്ചഭക്ഷണ കമ്മിറ്റി കൂടി ആ വർഷത്തേക്കു വേണ്ട തീരുമാനങ്ങൾ എടുക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുന്നു. ഈ വർഷവും വിദ്യാലയത്തിലെ 1109 കുട്ടികൾ വളരെ നല്ല രീതി യിൽ ഉച്ചഭക്ഷണം നൽകുന്നുണ്ട്. വിഭവ സമൃദ്ധമായ സദ്യയോടെയാണ് വർഷാരംഭത്തിൽ ഉച്ചഭക്ഷണ പരിപാടി ഉദ്ഘാടനം ചെയ്യുന്നത്. P.T.A അംഗങ്ങളും, അദ്ധ്യാപകരും കുട്ടികൾ കഴിക്കുന്ന ഭക്ഷണം കഴിക്കുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

**അടുക്കള :** എല്ലാ സൗകര്യങ്ങളോടും കൂടിയ നല്ലൊരു അടുക്കള ഞങ്ങളുടെ വിദ്യാലയ ത്തിനുണ്ട്. പാചകവാതകമുപയോഗിച്ചാണ് ഭക്ഷണം പാചകം ചെയ്യുന്നത്. അതിനാവശ്യ മായ ഗ്യാസടുപ്പുകളും, സിലിണ്ടറുകളും ഉണ്ട്. ചോറും കറികളും പാകം ചെയ്യുന്നതിനും, പാൽ, തിളപ്പിക്കുന്നതിനും, അവ വിതരണം ചെയ്യുന്നതിനും ആവശ്യമായ എല്ലാത്തരം പാത്രങ്ങളും വിദ്യാലയത്തിനുണ്ട്, കൂടാതെ ചിരവ, മിക്സി എന്നിവയും ഉണ്ട്. പാത്രങ്ങൾ കഴുകുന്നതിന് സമൃദ്ധമായി വെള്ളവും പൈപ്പുകളും ഉണ്ട്. പാത്രങ്ങളെല്ലാം കഴുകി വൃത്തി യാക്കി ഓരോ ദിവസവും സൂക്ഷിക്കുന്നു.

**കലവറ** : അരിയും ആഹാരസാധനങ്ങളും സൂക്ഷിക്കുന്നതിന് നല്ലൊരു കലവറയും അല മാരയും ഉണ്ട്. കീടങ്ങൾ കടക്കാതിരിക്കത്തക്കവിധം അടച്ചുറപ്പുള്ളതും, ഈർപ്പം ഏൽക്കാ ത്തതും, വൃത്തിയുള്ളതുമാണ് കലവറ. ദിവസവും അടിച്ചുവാരി വൃത്തിയായി സൂക്ഷിക്കു ന്നുണ്ട്.

**പാൽ, മുട്ട വിതരണം** : ആഴ്ചയിൽ രണ്ടു ദിവസം മിൽമ വിതരണം ചെയ്യുന്ന ഗുണനില വാരമുള്ള 150 ml വീതം പാലും, ഒരു മുട്ടയും വിതരണം ചെയ്യുന്നുണ്ട്. പാലിൽ പഞ്ചസാര ചേർത്ത് നല്ല രീതിയിലാണ് നൽകുന്നത്. പാൽ കുടിക്കാനാവശ്യമായ ഗ്ലാസ്സുകൾ സ്കൂളിൽ വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. പുഴുങ്ങിയ മുട്ടയും ക്ലാസ്സുകളിലെത്തിച്ച് വിതരണം നട ത്തുന്നു.

**സെപ്ഷ്യൽ അരി** : ഗവൺമെന്റ് നൽകുന്ന 5 kg അരി കൃത്യസമയത്ത് വിതരണം ചെയ്യു കയും, മതിയായ രേഖകൾ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്.

**റെക്കോർഡുകൾ** : ഉച്ചഭക്ഷണം പദ്ധതിയുമായി ബന്ധപ്പെട്ട പതിനാറോളം രജിസ്റ്ററുകൾ കൃത്യതയോടെ update ആയി സൂക്ഷിക്കുന്നുണ്ട്. K2 form, Register, NMP, Aquittance, Bill എന്നിവയെല്ലാം കൃത്യമായി സൂക്ഷിക്കുകയും പരിശോധനകർക്കും, ഓഡിറ്റിനും കൃത്യ മായി വിധേയമാക്കാറുണ്ട്.

**ജൈവ പച്ചക്കറികൾ** – കുട്ടികൾ അവരുടെ വീടുകളിൽ കൃഷി ചെയ്തുണ്ടാക്കുന്ന ജൈവ പച്ചക്കറികൾ, സംഭാവന ചെയ്യുന്നത് ഉച്ചഭക്ഷണ പരിപാടിയുടെ മികവ് വർദ്ധിപ്പിക്കാൻ സഹായകമാണ്. ഒപ്പം വിദ്യാലയത്തിൽ ഗ്രോ ബാഗുകളിൽ കൃഷി ചെയ്തുണ്ടാക്കുന്ന പച്ച

ക്കറികളും ഉച്ചഭക്ഷണ പരിപാടിക്ക് ഉപയോഗിക്കുന്നു. ഓണം, ക്രിസ്മസ് എന്നിവയോടനു ബന്ധിച്ച് എല്ലാവരുടേയും സഹകരണത്തോടെ വിഭവസമൃദ്ധമായ സദ്യ നൽകി വരുന്നു. ഒരു കുടുംബം പോലെ എല്ലാ കുട്ടികളും ഒരുമിച്ചിരുന്നാണ് സദ്യ ഉണ്ണുന്നത്. സ്കൂളിൽ ഐക്യബോധം വളർത്താൻ സഹായകരമാണ്.

കുട്ടികളുടെ ആരോഗ്യപരിപാലനത്തിനുതകുന്ന വിധം വൈവിധ്യമാർന്ന വിഭവങ്ങളോടെ ഉച്ചഭക്ഷണം വളരെ കാര്യക്ഷമമായി ഈ വിദ്യാലയത്തിൽ നടത്തപ്പെടുന്നുവെന്നത് അഭിമാനത്തോടെ പറയാൻ കഴിയും.

**<u>പരിമിതികൾ</u>**

ഒന്നു മുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിലെ 1109 കുട്ടികൾക്ക് ഒരുമിച്ചിരുത്തി ഭക്ഷണം വിതരണം ചെയ്യുന്നതിന് ഊണുമുറി ഇല്ലെന്നുള്ളത് ഒരു വലിയ പോരായ്മയാണ്. വിദ്യാലയത്തിലെ സ്ഥലപരിമിതി ഒരു വലിയ പ്രശ്നമാണ്. 1109 പേർക്ക് 2 പാചകത്തൊഴിലാളിയുള്ളത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇത്രയും പേർക്ക് ഭക്ഷണമുണ്ടാക്കുകയും, പാത്രങ്ങളും അടുക്കളയും വൃത്തിയാക്കുന്നതും 2 പേർ പേർ മാത്രം ചെയ്യുന്നത് പ്രയാസമാണ്. മുട്ട, പാൽ വിതരണം കൂടിയാകുമ്പോൾ ആ ദിവസങ്ങളിൽ ജോലി ഭാരം കൂടുന്നു. ഒരാളെ കൂടി പാചകത്തിനായി നിയോഗിക്കുന്നത് നന്നായിരിക്കും.

## വികസന മേഖലകളും, പ്രവർത്തനങ്ങളും

### വിഷൻ 2025–2026

**വികസന മേഖലകളും പ്രവർത്തനങ്ങളും**

**മേഖല അക്കാദമികം**

**<u>ഉപമേഖലകൾ</u>**

1. ഹൈടെക് വിദ്യാലയം എല്ലാ ക്ലാസ്സിലും LCD Projector സംവിധാനം
2. 100 % SSLC Result, 100 A+
3. പഠന പിന്നോക്കാവസ്ഥ പരിഹരിക്കുക
4. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം (LSS, USS, NMMS)
5. എല്ലാ കുട്ടികളിലും വായനശീലം വളർത്തുക
6. സ്വന്തമായി പത്രം, ഫേയ്സ്ബുക്ക്, വെബ്സൈറ്റ്
7. ശില്പശാലകൾ സംഘടിപ്പിക്കുക
8. Language Lab നിർമ്മാണം
9. ആശയവിനിമയ ശേഷി വികാസം
10. School Library പുനരുദ്ധാരണം

11. മേളകൾ മികവാർന്ന രീതിയിൽ നടത്തുക

12. കൗൺസിലിംഗ് സ്ഥിരം സംവിധാനം

13. വ്യത്യസ്ത രീതിയിൽ ദേശീയ ദിനാഘോഷങ്ങൾ

14. വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കൽ

15. എല്ലാ വിദ്യാർത്ഥികളുടേയും വീടുകൾ സന്ദർശിക്കാൻ ലക്ഷ്യങ്ങൾ

16. മികവുറ്റ പഠനം ഉറപ്പാക്കുന്നതിന് എല്ലാ ക്ലാസ്സിലും കമ്പ്യൂട്ടർ പ്രയോജനപ്പെടുത്തി അധ്യാപന രീതി നടപ്പിലാക്കുക.

17. പരിഹാരബോധനത്തിലൂടെ പിന്നിൽ നിൽക്കുന്ന കുട്ടികളെ മുന്നിലെത്തിക്കുക

18. വിദ്യാർത്ഥികളിലെ വിഭിന്നമായ കഴിവുകൾ വികസിപ്പിക്കുക

19. വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.

**<u>പ്രവർത്തനങ്ങൾ</u>**

1. എല്ലാ ക്ലാസ്സിലും LCD Projector സംവിധാനം

- ഐ.ടി നൈപുണി പ്രയോജനപ്പെടുത്തിയിട്ടുള്ള അധ്യാപന രീതി എല്ലാ ക്ലാസ്സുകളിലും നടപ്പിൽ വരുത്തുന്നു.
- മലയാളം ടൈപ്പ് ചെയ്യാനും, ഇന്റർനെറ്റിൽ നിന്നും വിവരം ശേഖരിക്കാനും എല്ലാ വിദ്യാർത്ഥികൾക്കും അവസരമൊരുക്കുന്നു
- അധ്യാപകർ ഐടി നൈപുണി നേടുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- ഇന്റർനെറ്റ് ഉപയോഗിച്ചുള്ള പഠന രീതികൾ

2. 100% SSLC Result A+

- SSLC വിദ്യാർത്ഥികൾക്ക് എല്ലാ ആഴ്ചയിലും പരീക്ഷകൾ നടത്തി പരിഹാരബോധനം നൽകുന്നു.
- Physics, Maths, Chemistry, Social വിഷയങ്ങൾക്ക് പ്രത്യേകം coaching നൽകുന്നതിന് അവസരമൊരുക്കുന്നു.
- Evening, Morning class, Parents ന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്നു.
- മാസം തോറും കൃത്യമായ തിയതികളിൽ പരീക്ഷകൾ

3. പഠനപിന്നോക്കാവസ്ഥ പരിഹരിക്കൽ

- Malayalam, English, Maths വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നിലേക്കെത്തുന്നതിന് എല്ലാ ദിവസവും ഒരു മണിക്കൂർ Special Coaching Class (ശ്രദ്ധ - Helping Hand)
- Parents Meeting സംഘടിപ്പിച്ച് Parents ന്റെ പിന്തുണ ഉറപ്പാക്കുന്നു.

- ഉയർന്ന ക്ലാസ്സുകളിൽ പരിചയസമ്പന്നരായ മറ്റ് അധ്യാപകരെ നിയോഗിക്കുന്നു.
- ക്ലാസ്സ് ടീച്ചേഴ്സിന് പ്രത്യേക പരിഗണന പ്രസ്തുത വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന പ്രവർത്തനങ്ങൾ.

4. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

- LSS, USS, NMMSE, Scholarship കൾക്ക് പ്രത്യേക പരിശീലനം
- സ്കോളർഷിപ്പ് കിട്ടുന്നവർക്ക് School Assembly യിൽ പ്രത്യേക അനുമോദനം
- രക്ഷിതാക്കൾക്ക് ബോധവത്കരണം നൽകി സ്കോളർഷിപ്പിൽ കൂടുതൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നു.
- പത്രവാർത്തകൾ അടിസ്ഥാനമാക്കി എല്ലാ മാസവും ക്വിസ് മത്സരം
- Abacus-ന് പ്രത്യേക പ്രോത്സാഹനം

5. എല്ലാ കുട്ടികളിലും വായനശീലം വളർത്തുക

- എല്ലാ ക്ലാസ്സിലും Malayalam, English പത്രങ്ങൾ
- പത്രവായനയ്ക്ക് പ്രത്യേകം സമയം ക്രമീകരിക്കുന്നു
- ക്ലാസ്സ് ലൈബ്രറി / ഡിജിറ്റൽ ലൈബ്രറി
- വിദ്യാർത്ഥികൾ ജന്മദിനത്തിൽ ലൈബ്രറി പുസ്തകങ്ങൾ സമ്മാനിക്കുന്നു
- 25 പുസ്തകം വായിച്ചു തീർത്ത വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സ്കൂൾ വാർഷികാഘോഷവേദിയിൽ വെച്ച് സമ്മാനം

6. സ്വന്തമായി പത്രം, ഫെയ്സ്ബുക്ക്, വെബ്സൈറ്റ്

- ഓരോ ടേമിലും പത്രം
- വിദ്യാലയത്തിന് സ്വന്തമായി ഫേസ്ബുക്ക്, വെബ്സൈറ്റ്
- വിദ്യാലയത്തിന്റെ മികവ് മറ്റ് പത്രവാർത്തകളിലൂടെ സമൂഹത്തിലെത്തിക്കുന്നു

7. ശില്പശാലകൾ സംഘടിപ്പിക്കുക

- പഠനോപകരണ നിർമ്മാണ ശില്പശാല
- നക്ഷത്ര നിരീക്ഷണം
- നേതൃത്വ പരിശീലന ശില്പശാല
- ചിത്രരചന ശില്പശാല
- സാഹിത്യ ശില്പശാല
- പ്രസംഗ ശില്പശാല

- സംഗീത ശില്പശാല
- നാടൻ പാട്ട്, നാട്ടറിവ് ശില്പശാല
- സംഗീത ശില്പശാല

8. Language Lab നിർമ്മാണം

- English Lab പ്രത്യേകമായി സജ്ജീകരിക്കുന്നു
- വിദ്യാർത്ഥികൾക്ക് ഒഴിവുസമയങ്ങളിൽ Lab ൽ സമയം ചെലവഴിക്കാൻ അവസരം
- ഇംഗ്ലീഷ് ഭാഷയിൽ കഴിവു വളർത്തുന്നു

9. ആശയവിനിമയ ശേഷി വികാസം

- എല്ലാ ഭാഷകളിലും മത്സരങ്ങൾ (പ്രസംഗം, ഉപന്യാസം, കവിത, കഥ)
- എല്ലാ ഭാഷകളിലും കയ്യെഴുത്തു മാസിക
- എല്ലാ ഭാഷകളിലും അസംബ്ലി
- Hindi fest, English Fest, Malayalam Fest

10. മേളകൾ മികവാർന്ന രീതിയിൽ നടത്തുക

- സ്കൂൾ തല മേളകൾ - ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതം, ഐ.ടി, പ്രവൃത്തി പരിചയം എന്നിവ വ്യത്യസ്ത രീതിയിൽ സംഘടിപ്പിക്കുന്നു.
- അവധിക്കാലത്ത് തയ്യാറെടുപ്പുകൾ തുടങ്ങും
- ഗണിതശാസ്ത്ര മേളകളിൽ പ്രത്യേക പരിശീലനം
- മെറ്റൽ പെയിന്റിംഗ്, ഗ്ലാസ് പെയിന്റിംഗ് എന്നിവയിൽ കുട്ടികൾക്ക് പ്രത്യേക പരിശീലനം

11. കൗൺസിലിംഗിന് സ്ഥിരം സംവിധാനം

- വിദ്യാലയത്തിലുള്ള കൗൺസിലിംഗ് സ്ഥിരമാക്കുന്നു
- മാതാപിതാക്കൾക്കും കൗൺസിലിംഗിന് അവസരം നൽകും.

12. വ്യത്യസ്ത രീതിയിൽ ദേശീയദിനാഘോഷങ്ങൾ

- 100% ഹാജരോടെ ദേശീയ ദിനാഘോഷങ്ങൾ നടത്തും
- പൂർവ്വവിദ്യാർത്ഥികളെ പങ്കെടുപ്പിക്കും
- ജനപ്രതിനിധികൾ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികളിൽ ശ്രദ്ധേയരായവരെ ഉൾപ്പെടുത്തി വ്യത്യസ്ത രീതിയിൽ സംഘടിപ്പിക്കുന്നതാണ്.

13. വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കൽ

- വിദ്യാലയാന്തരീക്ഷം മെച്ചപ്പെടുത്തുന്നു
- പഠനമികവിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നു
- സമൂഹമാധ്യമത്തിൽ വിദ്യാലയത്തിന് വാർത്താ പ്രാധാന്യം നൽകുന്നു.

14. എല്ലാ വിദ്യാർത്ഥികളുടേയും വീടുകൾ സന്ദർശിക്കൽ

- First term തന്നെ ക്ലാസ്സ് അധ്യാപകർ എല്ലാ വിദ്യാർത്ഥികളുടേയും വീടുകൾ സന്ദർശിക്കുന്നു.
- ഹെഡ്മിസ്ട്രസ്സിനോട് ചേർന്ന് പത്താം ക്ലാസ്സിലെ വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിക്കുന്നു
- മാതാപിതാക്കളുമായുള്ള അധ്യാപകരുടെ ബന്ധം ദൃഢകരമാക്കൽ
- രക്ഷിതാക്കളുമായി എല്ലാ മാസവും ഒരു ദിവസം ആശയവിനിമയം നടത്തുന്നു.
- ക്ലാസ്സ് പി.ടി.എ കൂടുതൽ സജീവമാക്കുന്നു.
- Bio Data എഴുതി സൂക്ഷിക്കൽ
- വ്യക്തിഗത മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

**മേഖല – ഭൗതികം**

**ഉപമേഖലകൾ**

1. കായിക വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കുക.
2. പോഷകാഹാര വിതരണം
3. പൂന്തോട്ടം വിപുലീകരണം
4. വിദ്യാലയ മുറ്റത്ത് – സൈക്കിൾ ഷെഡ്
5. ലൈബ്രറി പുനരുദ്ധാരണം
6. ടോയ്‌ലറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നു
7. ടെറസ്സിൽ ഗ്രോബാഗുകളിൽ കൃഷിത്തോട്ടം**.**

**ലക്ഷ്യങ്ങൾ**

1. കായിക വിദ്യഭ്യാസ സൗകര്യം വർദ്ധിപ്പിക്കുക.

- കായിക പിരിയഡുകൾ ഗ്രൗണ്ടിൽ
- അവധിക്കാലത്ത് താല്പര്യമുള്ളവർക്ക് പരിശീലനം

- ഷട്ടിൽ, വോളിബോൾ എന്നിവയ്ക്ക് പ്രത്യേകം പരിശീലനം
- ഇൻഡോർ ഗെയിംസിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനം
- മികച്ച കായിക വിദ്യഭ്യാസം

2. പോഷകാഹാര വിതരണം

- ടെറസ്സിൽ സ്കൂൾ പച്ചക്കറിത്തോട്ടം
- എല്ലാ കുട്ടികൾക്കും തിളപ്പിച്ച വെള്ളം നൽകാനുള്ള സംവിധാനം
- വീട്ടിൽ വിളയിച്ചെടുത്ത വിഭവങ്ങൾ കൊണ്ടുവരാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നു.

3. പൂന്തോട്ടം വിപുലീകരണം

- Hanging Garden നിർമ്മാണം
- ഓരോ ക്ലാസ്സിനും പൂന്തോട്ടം
- ഔഷധോദ്യാനത്തിന് അവസരം
- വിദ്യാലയ പരിസരം ആകർഷകമാക്കുന്നു

4. വിദ്യാലയമുറ്റത്ത് സൈക്കിൾ ഷെഡ് നിർമ്മാണം

- രക്ഷിതാക്കളുടെ സാമ്പത്തിക സഹായത്തോടെ സൈക്കിൾ ഷെഡ് നിർമ്മാണം
- വിദ്യാർത്ഥികൾക്ക് സൈക്കിൾ പരിശീലനം

5. ടോയ്‌ലറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നു

- കൂടുതൽ ടോയ്‌ലറ്റുകൾ നിർമ്മിക്കുക
- പി.ടി.എ, അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, മറ്റു സ്രോതസ്സുകൾ എന്നിവരിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തുന്നു.

6. ടെറസ്സിൽ ഗ്രോബാഗുകളിൽ പച്ചക്കറി കൃഷി

- 50 ഗ്രോ ബാഗുകളിലായി പച്ചക്കറി കൃഷി
- ക്ലാസ്സ് അടിസ്ഥാനത്തിൽ ക്രമീകരണം
- പച്ചക്കറികൾ ഉച്ചഭക്ഷണത്തിന് ഉപയോഗപ്പെടുത്തുന്നു.

**<u>മേഖല – സാമൂഹികം</u>**

**ഉപമേഖലകൾ**

1. ക്ലാസ് പി ടി എ
2. മദർ പി ടി എ
3. പി ടി എ എക്സിക്യൂട്ടീവ് കൗൺസിൽ
4. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്
5. O S A & O T A
6. ജീവകാരുണ്യ പ്രവർത്തനങ്ങൾ

**ലക്ഷ്യം :**

- സാമൂഹ്യ പങ്കാളിത്തം വിദ്യാലയ പ്രവർത്തനങ്ങളിൽ സംയോജിപ്പിക്കുക
- വിദ്യാർത്ഥികളിൽ നന്മയും സാമൂഹ്യബോധവും വളർത്തുന്നു
- വിദ്യാലയമേന്മ സമൂഹത്തിലെത്തിക്കുന്നു

**പ്രവർത്തനങ്ങൾ**

1. ക്ലാസ്സ് പി.ടി.എ

- ഓരോ മാസത്തിലും 3rd Friday 3 മുതൽ 4 വരെ സമയം ക്ലാസ്സ് പി ടി എ
- ക്ലാസ്സ് പി ടി എ യിൽ പ്രോഗ്രസ് കാർഡ് വിതരണം
- ഓരോ രക്ഷിതാവിനും തന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പറയാൻ അവസരം
- രക്ഷിതാക്കളുടെ വിദ്യാലയ സന്ദർശനങ്ങൾ

2. മദർ പി ടി എ & എക്സിക്യൂട്ടീവ് കൗൺസിൽ

- എല്ലാ മാസവും മീറ്റിംഗ് സംഘടിപ്പിക്കുന്നു
- വിദ്യാലയ പ്രവർത്തനങ്ങളിൽ പി ടി എ, മദർ പി ടി എ അംഗങ്ങളെ പങ്കാളികളാക്കുന്നു.

3. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്

- സമൂഹവുമായി ബന്ധിപ്പിക്കുന്നു. ( പോലീസ് ഓഫീസർ, സമീപത്തെ കടകളിലെ ഉടമസ്ഥർ, ഓട്ടോ ഡ്രൈവർ, പി ടി എ മെമ്പേഴ്സ്, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർ ഇതിൽ അംഗങ്ങളാണ്)

- പോലീസ് ഓഫീസേഴ്സിന്റെ ക്ലാസ്സുകൾ രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും നൽകുന്നു.
- SPG അംഗങ്ങളായ വിദ്യാർത്ഥികൾ തെറ്റായ പ്രവണതകൾ കണ്ടെത്തി ഹെഡ്മിസ്ട്രസ്സിനെ അറിയിക്കുന്നു

4. O S A & O T A

- ഡിസംബർ മാസത്തിൽ സമ്മേളനം സംഘടിപ്പിക്കുന്നു.
- OSA, OTA അംഗങ്ങളായവരെ വിദ്യാലയ പ്രവർത്തനങ്ങളിൽ പങ്കുകാരാക്കുന്നു.
- OSA യ്ക്ക് മത്സരങ്ങളും കലാപരിപാടികളും സംഘടിപ്പിക്കുന്നു.

5. ജീവകാരുണ്യ പ്രവർത്തനങ്ങൾ

- ഓണം, ക്രിസ്മസ് ആഘോഷത്തോടനുബന്ധിച്ച് ജീവകാരുണ്യ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- പൊതിച്ചോറ് വിതരണം
- Oldage Home സന്ദർശനം
- ചികിത്സാ സഹായം, വീട് നിർമ്മാണത്തിന് സഹായം

## പദ്ധതി വിശദാംശങ്ങൾ

**മേഖല : അക്കാദമികം**

**ഉപമേഖല : ഐ ടി സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി അധ്യയനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്മാർട്ട് ക്ലാസ്സ് റൂം | ആധുനിക സാങ്കേതിക വിദ്യയുടെ എല്ലാ സൗകര്യങ്ങളും ക്ലാസ്സ് മുറികളിൽ ലഭ്യമാക്കുക<br><br>ഐ.ടി അധിഷ്ടിത പഠന സമാഗ്രികൾ ഉപയോഗിക്കുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുക<br><br>എല്ലാ വിദ്യാർത്ഥികളേയും ഐ ടി നൈപുണിയുള്ളവരാക്കി മാറ്റുക<br><br>ഐ ടി അധിഷ്ഠിത പഠന രീതി സംബന്ധിച്ച് രക്ഷിതാക്കൾക്കും സമൂഹത്തിനും ധാരണ നൽകുക | 2022–23 | ഹെഡ്മിസ്ട്രസ്സ്, പി.ടി.എ | M P Fund 200000/-<br><br>മാനേജ്മെന്റ് 200000/- |

**മേഖല : ഭൗതികം**

**ഉപമേഖല : ഹരിതപരിസരം – വിദ്യാർത്ഥികൾക്ക് നിരീക്ഷണ പരീക്ഷണങ്ങൾക്കാവശ്യമായ സസ്യങ്ങൾ കോമ്പൗണ്ടിൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജൈവ വൈവിധ്യ ഉദ്യാനം | • ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട സസ്യങ്ങൾ സ്കൂൾ കോമ്പൗണ്ടിൽ ക്രമീകരിക്കുന്നു.<br>• നക്ഷത്രവനം ഓരോ നാളുമായി ബന്ധപ്പെട്ട സസ്യങ്ങൾ ഉൾപ്പെടുത്തി വനത്തിന്റെ ചെറിയ പതിപ്പിന് രൂപം നൽകുന്നു<br>• പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് ഹാങ്ങിംഗ് ഗാർഡൻ<br>• ഔഷധോദ്യാനം തയ്യാറാക്കുന്നു<br>• ശലഭോദ്യാനം രൂപകല്പന ചെയ്യുന്നു | 2022–2023 | സയൻസ് അധ്യാപകർ<br>സയൻസ് ക്ലബ്ബ് | P T A 5000/-<br>2000/- PTA |

**മേഖല : അക്കാദമികം**

**ഉപമേഖല : പഠനപുരോഗതി**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വരെ പ്രത്യേക പരി ശീലനം നൽകി ഉയർന്ന തല ത്തിലേക്ക് എത്തിക്കുന്നു | • ഓരോ ക്ലാസ്സുകളിൽ പിന്നോക്കം നിൽക്കുന്ന വരെ കണ്ടെത്തുന്നു.<br>• ഭവനസന്ദർശനം നടത്തി കുടുംബാം ന്തരീക്ഷം മനസ്സിലാ ക്കുന്നു<br>• രാവിലെയും വൈകു ന്നേരവും പ്രത്യേക ക്ലാസ്സുകളും പരിശീല നവും നൽകുന്നു<br>• കൂടുതൽ ബോധനോ പകരണങ്ങൾ ഉപ യോഗിക്കുന്നു<br>• വിദ്യാലയത്തിൽ താമസിച്ച് ക്യാമ്പു കൾ നടത്തുന്നു. | 2023-2024 | ക്ലാസ്സ് അധ്യാപകർ | 10000/- സ്പോൺസേഴ്സ് |

**മേഖല : അക്കാദമികം**

**ഉപമേഖല : ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾ**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഭിന്നശേഷി യുള്ള കുട്ടിക ളുടെ പഠനം മെച്ചപ്പെടുത്തു ന്നതിന് ആവ ശ്യമായ പ്രവർത്തന ങ്ങൾ | • ഭവനസന്ദർശനം നടത്തി വീട്ടിലുള്ള വർക്കും അയൽപ ക്കക്കാർക്കും ബോധവത്ക രണം നടത്തുന്നു<br>• മാതാപിതാക്കൾക്ക് പരിശീലനം നൽക കുന്നു<br>• Family outdoor trip<br>• December 3 – ലോകഭിന്നശേഷി ദിനാചരണം വിപു ലമായി വിദ്യാലയ ത്തിൽ നടത്തുന്നു | 2023–2024 | ക്ലാസ്സ് ടീച്ചർ<br>URC- Cordinator | 500/-<br>6000/- PTA<br>1000/- PTA |

**മേഖല : ഭൗതികം**

**ഉപമേഖല : പ്ലാസ്റ്റിക് നിർമ്മാർജ്ജനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കുക | • പ്ലാസ്റ്റിക് കുപ്പികൾ, ചോറ്റുപാത്രം എന്നിവയുടെ ഉപയോഗം മൂലമുള്ള ദോഷങ്ങളെക്കുറിച്ചുള്ള ബോധവത്കരണം<br>• സ്റ്റീൽ പാത്രങ്ങൾ ഉപയോഗിക്കാൻ പ്രോത്സാഹനം<br>• പ്ലാസ്റ്റിക് പേനക്കുപകരം മഷിപ്പേന ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നു<br>• പ്ലാസ്റ്റിക് ക്യാരി ബാഗിനു പകരം പേപ്പർ കവർ ഉപയോഗിക്കുന്നു.<br>• ഡിസ്പോസിബിൾ പ്ലേറ്റ്, ഗ്ലാസ്സ് എന്നിവയുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നു | 2023-2024 | അദ്ധ്യാപകർ | |

**മേഖല : അക്കാദമികം**

**ഉപമേഖല : ശാസ്ത്രപഠന പുരോഗതി**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സയൻസ് ലാബ് നവീകരിക്കൽ | • കുട്ടികളുടെ നിലവാരമനുസരിച്ച് ലാബിലേക്കുള്ള ഉപകരണങ്ങൾ ശേഖരിക്കുന്നു<br>• കുട്ടികൾക്ക് പരീക്ഷണങ്ങളിലേർപ്പെടുന്നതിനുള്ള സൗകര്യമൊരുക്കുന്നു<br>• LP ക്ലാസ്സുകളിൽ ശാസ്ത്രമൂല ഒരുക്കുന്നു<br>• ശാസ്ത്രപുസ്തകങ്ങൾ, മാസികകൾ, ലൈബ്രറിയിൽ നിന്ന് കണ്ടെത്തി ക്ലാസ്സുകളിൽ വായിക്കുന്നു<br>• ഓരോ ക്ലാസ്സുകാരും സയൻസ് മാഗസിൻ പ്രസിദ്ധീകരിക്കുന്നു | 2023–2024 | Science Teachers<br><br>Class Teachers, രക്ഷിതാക്കൾ<br><br>Science Club Members | 20000/-<br>PTA |

**മേഖല : അക്കാദമികം**

**ഉപമേഖല : ഇംഗ്ലീഷ് ഭാഷാ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | • ഇംഗ്ലീഷ് അസംബ്ലി<br>• പതിപ്പുകൾ, മാഗസിനുകൾ ക്ലാസ്സുകളിൽ തയ്യാറാക്കുന്നു<br>• ഇംഗ്ലീഷിൽ ഡയറി എഴുതുന്നു<br>• കുട്ടികളുടെ റേഡിയോ സംപ്രേഷണം<br>• English Fest നടത്തുന്നു | 2024–2025 | Class Teachers<br>കുട്ടികൾ, അധ്യാപകർ<br>ഇംഗ്ലീഷ് അധ്യാപകർ | 1000/-<br>PTA |

**മേഖല : ഭൗതികം**

**ഉപമേഖല : കരിയർ ഗൈഡൻസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശലകലനം |
|---|---|---|---|---|
| കരിയർ ഗൈഡൻസ് | • വിവിധ തൊഴിലുകളെക്കുറിച്ചറിയുന്നതിന് വിവിധ തൊഴിലുകൾ ചെയ്യുന്ന രക്ഷിതാക്കളെ കൊണ്ടുവന്ന് കുട്ടികളുമായി സംവദിക്കുന്നു<br>• വിദഗ്ധരായവരെ ക്കൊണ്ട് ഹൈസ്കൂൾ കുട്ടികൾക്ക് ക്ലാസ് നൽകുന്നു<br>• മാധ്യമങ്ങളിൽ തൊഴിലുകളെക്കുറിച്ചുള്ള സംപ്രേഷണം കാണാൻ അവസരം നൽകുന്നു | 2024–2025 | അധ്യാപകരും രക്ഷിതാക്കളും<br>ഹെഡ്മിസ്ട്രസ്സ് | 8000<br>Sponsors |

**മേഖല : അക്കാദമികം**

**ഉപമേഖല : പ്രത്യേക പരിശീലന പരിപാടികൾ**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| പഠന നിലവാരമനുസരിച്ച് ഗ്രേഡുകളായി തിരിച്ച് പ്രത്യേക പരിശീലനം | • $1^{st}$ term നുശേഷം കുട്ടികളെ above average, average, below average ആയി തിരിക്കുന്നു<br>• ബുദ്ധിമുട്ടുകൾക്കിട നൽകാത്ത വിധം മൂന്നുവിഭാഗത്തിൽ പെട്ടവർക്കും പരിശീലനം നൽകുന്നു<br>• Slow learners നായി കൂടുതൽ ചോദ്യ ബാങ്കുകൾ തയ്യാറാക്കി നൽകുന്നു<br>• Slow learners ന്റെ മാതാപിതാക്കൾക്ക് ക്ലാസ് നൽകുകയും, കുട്ടികളെ പഠനത്തിൽ എങ്ങനെ സഹായിക്കാമെന്ന് നിർദ്ദേശങ്ങൾ നൽകുന്നു | 2025-2026 | അദ്ധ്യാപകർ | |

**മേഖല : അക്കാദമികം**

**ഉപമേഖല : Language Lab**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| Language Lab | • Lab സജ്ജീകരിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നു<br>• 50 കുട്ടികൾക്ക് ഉപയോഗിക്കാവുന്ന ലാംഗ്വേജ് ലാബ് തയ്യാറാക്കുന്നു<br>• Head Set, Recorder Audior തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നു<br>• അധ്യാപകരുടെ സഹായത്തോടെ പരിശീലനം നൽകുന്നു<br>• മികച്ച പ്രഭാഷണങ്ങളും ഡ്രാമകളും കേൾക്കാനവസരം നൽകുന്നു | 2025-2026 | ഹെഡ്മിസ്ട്രസ്സ്<br>PTA<br>Management | 2000000<br>M.P Fund<br>Management<br>Sponsorship |

**മേഖല : ഭൗതികം**

**ഉപമേഖല : ഉച്ചഭക്ഷണത്തിനുള്ള ഊണുമുറി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഊണുമുറി | • ഊണുമുറിക്കുള്ള സ്ഥലം കണ്ടെത്തുന്നു<br>• എഞ്ചിനീയറെക്കൊണ്ട് രൂപരേഖ തയ്യാറാക്കുന്നു<br>• മുറി പണിയുന്നു<br>• ഉപകരണങ്ങൾ വാങ്ങുന്നു | 2025-2026 | Management<br>PTA | 500000/-<br>Sponsorship |

**മേഖല : ഭൗതികം**

**ഉപമേഖല : ശുചിമുറികളുടെ എണ്ണം വർദ്ധിപ്പിക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിമുറികളുടെ എണ്ണം വർദ്ധിപ്പിക്കുന്നു | • സ്ഥലം കണ്ടെത്തുന്നു<br>• എഞ്ചിനീയർ രൂപരേഖ തയ്യാറാക്കുന്നു (10 മുറികൾ)<br>• കെട്ടിടം പണിയുന്നു | 2026–2027 | Management<br>PTA<br>Headmistress | 500000<br>MP Fund |

**മേഖല : അക്കാദമികം**

**ഉപമേഖല : കമ്പ്യൂട്ടർ ലാബ് വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| L P വിഭാഗത്തിന് കമ്പ്യൂട്ടർ ലാബ് | • മുറി ഒരുക്കുന്നു, വൈദ്യുതീകരിക്കുന്നു<br>• കമ്പ്യൂട്ടറുകൾ വാങ്ങുന്നു<br>• ഫർണീച്ചറുകൾ ലഭ്യമാക്കുന്നു<br>• സ്പീക്കറുകൾ, LCD Projector, Internet സൗകര്യം ഏർപ്പെടുത്തുന്നു | 2026–2027 | ഹെഡ്മിസ്ട്രസ്സ്<br>PTA | 1000000/-<br>Sponsorship<br>OSA<br>Managament |

**മേഖല : അക്കാദമികം**

**ഉപമേഖല : ഹൈ ടെക് ക്ലാസ്സ്മുറികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആക്കുന്നു | • എല്ലാ ക്ലാസ് മുറികളിലും Projector വയ്ക്കുന്നു<br>• അധ്യാപകർ Laptop വാങ്ങുന്നു. ക്ലാസ്സുകളിൽ കൊണ്ടുപോയി അധ്യയനം നടത്തുന്നു<br>• സാധിക്കുന്ന വിദ്യാർത്ഥികളും Lap ഉപയോഗിക്കുന്നു | 2026–2027 | അധ്യാപകർ | 500000/-<br>PTA<br>അധ്യാപകർ |

**മേഖല : ഭൗതികം**

**ഉപമേഖല : കായിക മേഖലയിലെ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| Indoor Games | • ഉപകരണങ്ങൾ സംഘടിപ്പിക്കുന്നു<br>• ഓഡിറ്റോറിയത്തിൽ കോർട്ട് തയ്യാറാക്കുന്നു<br>• വിദഗ്ധരായ അധ്യാപകരെ നിയോഗിച്ച് പരിശീലനം നൽകുന്നു<br>• മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു | 2027–2028 | ഹെഡ്മിസ്ട്രസ്സ്<br>പി ടി എ<br>കായിക അധ്യാപിക | 100000/-<br>പി ടി എ |

**മേഖല : അക്കാദമികം**

**ഉപമേഖല : മത്സരപ്പരീക്ഷകൾ**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| മത്സരപ്പരീക്ഷകൾക്ക് പ്രത്യേകം പരിശീലനം | • പരമാവധി കുട്ടികളെ LSS, USS, NMMS പരീക്ഷകൾക്ക് തിരഞ്ഞെടുക്കുന്നു.<br>• ഒഴിവു ദിവസങ്ങളിൽ പരിശീലനം നൽകുന്നു<br>• പരമാവധി മാതൃകാ ചോദ്യങ്ങൾ നൽകി പരിശീലിപ്പിക്കുന്നു<br>• മറ്റ് ഏജൻസികൾ നടത്തുന്ന പരീക്ഷകളിലും കുട്ടികളെ പങ്കെടുപ്പിക്കുന്നു | 2027-2028 | അധ്യാപകർ | |

**മേഖല : അക്കാദമികം**

**ഉപമേഖല : Spell bee പോലുള്ള മത്സരങ്ങൾക്ക് ഒരുക്കുന്നു**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| International പരീക്ഷകൾക്ക് കുട്ടികളെ ഒരുക്കുന്നു | • മികച്ച വിദ്യാർത്ഥികളെ കണ്ടെത്തുന്നു<br>• Spell bee പോലുള്ള മത്സരങ്ങൾ കാണാനവസരം നൽകുന്നു<br>• വിദഗ്ദരായ അധ്യാപകരുടെ ക്ലാസ്സുകളലിൽ പങ്കെടുപ്പിക്കുന്നു | 2027–2028 | ഇംഗ്ലീഷ് അധ്യാപകർ | 10000/- Sponsors |

**പ്രതീക്ഷിത നേട്ടങ്ങൾ :**

- ✶ പ്രത്യേക പരിഗണന നൽകുന്നതിലൂടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുഖ്യധാരയിലേക്കും കഴിവിന്റെ ഉയർന്ന തലത്തിലേക്ക് എത്തിക്കുകയും ചെയ്യുക
- ✶ എല്ലാ വിദ്യാർത്ഥികളേയും ഉയർന്ന പഠന നിലവാരത്തിലെത്തിക്കാൻ സാധിക്കും
- ✶ എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആക്കുന്നു
- ✶ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കുക
- ✶ ആധുനിക സൗകര്യങ്ങളുള്ള വായനശാലയും ലബോറട്ടറിയും ഒരുക്കുക
- ✶ കൗൺസിലിംഗ് നടത്തുന്നതുവഴി കുട്ടികൾക്ക് മാനസികമായും വിദ്യഭ്യാസപരമായും പുരോഗതി കൈവരിക്കുക
- ✶ ഇൻഡോർ ഗെയിംസിന് ആവശ്യമായ സൗകര്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്നതുവഴി കായിക മേഖലയിൽ മികവുറ്റ വിദ്യാർത്ഥികളെ വാർത്തുന്നു

* ഭാഷാ ലാബിന്റെ നിർമ്മാണം വഴി ഭാഷാ ശേഷി വികസനം
* ഗവേഷണാത്മക പ്രവർത്തനങ്ങളിലൂടെ കുട്ടികളെ ശാസ്ത്രാഭിരുചി ഉള്ളവരാക്കുക.
* ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക
* ഐ.ടി അധിഷ്ഠിത പഠനത്തിലൂടെ കുട്ടികളെ അറിവിന്റെ നൂതന സാങ്കേതിക ലോകത്തിലേക്കെത്തിക്കുക
* ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതു വഴി കുട്ടികളെ പ്രകൃതിയോട് ഇണക്ക മുള്ളവരാക്കുക
* അന്താരാഷ്ട്ര നിലവാരമുള്ള മത്സരപ്പരീക്ഷകളിൽ വിജയം നേടാൻ കുട്ടികളെ പ്രാപ്തരാക്കുക
* പ്ലാസ്റ്റിക് നിർമ്മാർജ്ജനം വഴി പ്രകൃതിക്ക് ദോഷകരമല്ലാത്ത ജീവിതശൈലി പരിശീ ലിക്കുക
* പ്രകൃതിയെ ചൂഷണം ചെയ്യേണ്ടവരല്ല നാം, മറിച്ച് പ്രകൃതിയെ സംരക്ഷിക്കേണ്ടവ രാണെന്ന ബോധ്യം കുട്ടികളിൽ വളർത്തുക
* കരിയർ ഗൈഡൻസ് വഴി തൊഴിലുകളുടെ വ്യത്യസ്ത മേഖലകളെക്കുറിച്ച് പരിചയ പ്പെടാനും, തന്റെ ഭാവിയെക്കുറിച്ച് വിദ്യാർത്ഥികൾക്ക് നല്ല ഒരു ലക്ഷ്യബോധം വളർത്തുക.

## വിവിധ മോണിറ്ററിംഗ് രീതികൾ

ശരിയായ മോണിറ്ററിംഗ് രീതി നല്ല വിദ്യഭ്യാസത്തിന് അത്യാവശ്യമാണ്. മോണിറ്ററിംഗ് നന്നാവണമെങ്കിൽ പ്രധാന അധ്യാപികയും, അധ്യാപകരും, പി ടി എയും വിദ്യാർത്ഥികളും ഒരുമിച്ച് പ്രവർത്തിക്കണം. മോണിറ്ററിംഗിലൂടെ മാത്രമേ പോരായ്മകൾ കണ്ടെത്താനും മികച്ച രീതികൾ അവലംബിക്കാനും സാധിക്കൂ. പ്രധാന അധ്യാപിക ഒഴിവു സമയങ്ങളിലെല്ലാം അധ്യാപകരുടെ ക്ലാസ്സുകൾ നിരീക്ഷിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കുട്ടികളുടെ വിവിധ തലത്തിലുള്ള വീഴ്ചകൾ ഒഴിവാക്കുന്നതിന് ഓരോ കാര്യങ്ങളിലും അതീവ ശ്രദ്ധ നൽകുന്നു.

- എല്ലാ ദിവസവും കുട്ടികൾ ചെയ്ത് വരുന്ന തുടർ പ്രവർത്തനങ്ങൾ പരിശോധിച്ചും, മുന്നറിവുകൾ ആരാഞ്ഞും അധ്യാപകർ ക്ലാസ്സുകൾ ആരംഭിക്കുന്നു.
- തുടർപ്രവർത്തനങ്ങൾ ചെയ്യാത്ത കുട്ടികളെ കണ്ടെത്തി കാരണങ്ങൾ അന്വേഷിച്ച് അറിയുന്നു. ആവശ്യമായ നിർദ്ദേശങ്ങൾ നൽകി അവരെ മുന്നിലേക്ക് കൊണ്ടുവരാൻ പരിശ്രമിക്കുന്നു

- കുട്ടികൾക്ക് പഠനത്തിൽ താൽപര്യം ഉണ്ടാകുവാൻ ICT സാധ്യതകൾ ധാരാളമായി ഉപയോഗിക്കുന്നു. ഇതിനായി Class Rooms –Smart Class റൂമുകളായിക്കൊണ്ടിരിക്കുന്നു. എല്ലാ High School ക്ലാസ്സുകളും എല്ലാ 7-x ക്ലാസ്സും ഈ സൗകര്യമുള്ളതാണ്.
- കുട്ടികളുടെ സമഗ്രപുരോഗതിയ്ക്കായി നല്ലൊരു ലൈബ്രറി അത്യാവശ്യമാണ്. ആവശ്യമുള്ള റഫറൻസ് പുസ്തകങ്ങൾ യഥേഷ്ടം എടുക്കുവാനുള്ള സൗകര്യ ങ്ങൾ ചെയ്ത് കൊടുക്കുന്നു
- ഭയം കൂടാതെ കുട്ടികൾക്ക് അധ്യാപകരുമായി ഇടപെടുന്നതിന് സാഹചര്യം ഒരു ക്കുന്നു. അധ്യാപകർ കുട്ടികളോട് വളരെ സൗഹൃദ മനോഭാവത്തോടെയാണ് സമീ പിക്കുന്നത്. ആയതിനാൽ കുട്ടികൾക്ക് വിഷയങ്ങളോട് കൂടുതൽ താല്പര്യം ജനി ക്കുന്നു.
- Class Test, Unit Test എന്നിവ നടത്തുന്നത് മൂലം Terminal Examination കുട്ടി കൾക്ക് കൂടുതൽ സുഗമമാക്കാൻ സാധിക്കുന്നു. പ്രത്യേകം Seating Arrangement കൾ നടത്തി ഓരോ പരീക്ഷയ്ക്കും കുട്ടികളിൽ കണ്ടു വരുന്ന കോപ്പിയടി പോലെ യുള്ള തെറ്റായ പ്രവണതകൾ ഇല്ലാതാക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.
- ഓരോ പരീക്ഷയ്ക്ക് ശേഷവും Class PTA വിളിച്ചുകൂട്ടുകയും കുട്ടിയുടെ പഠന നിലവാരം മാതാപിതാക്കളുമായി അവരുടെ സാന്നിധ്യത്തിൽ വിലയിരുത്തുന്നു. ഓരോ സാഹചര്യങ്ങൾക്കനുസരിച്ച് ഉണ്ടാകുന്ന പ്രശ്നങ്ങൾ അവരുമായി ചർച്ച ചെയ്ത് മാതാപിതാക്കൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു.
- ഓരോ കുട്ടികളെ അടുത്തറിയുന്നതും, ഭൗതിക സാഹചര്യങ്ങൾ മനസ്സിലാക്കുന്ന തിനുമായി കുട്ടികളുടെ വീടുകൾ സന്ദർശിക്കുന്നു. വീടുകൾ സന്ദർശിക്കുന്നതി ലൂടെ കുട്ടികളുടെ സാമ്പത്തിക സ്ഥിതി മനസ്സിലാക്കാൻ സാധിക്കുന്നു. വീടുപ ണിയ്ക്കും ചികിത്സയ്ക്കും പഠനോപകരണങ്ങൾ വാങ്ങുന്നതിനും ആവശ്യമായ ധനസഹായം സ്കൂളിൽ നിന്നും നൽകി വരുന്നു.
- പഠിക്കാൻ വീടുകളിൽ സാഹചര്യമില്ലാത്ത കുട്ടികൾക്ക് രാവിലെയും വൈകീട്ടും വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നു
- വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും അവരുടെ പ്രശ്നങ്ങൾ പങ്കുവ യ്ക്കുന്നതിനും ആത്മധൈര്യം ആർജിക്കുന്നതിനും പ്രാർത്ഥനാധിഷ്ഠിതമായ സാഹചര്യം ലഭിക്കുന്നതിനുമായി കുട്ടികൾക്ക് കൗൺസലിംഗ് സൗകര്യം ഏർപ്പെ ടുത്തിയിട്ടുണ്ട്. ഇതുവഴി കുട്ടികൾക്ക് നല്ല സ്വഭാവരൂപീകരണത്തിനും തന്മൂലം ഉയർന്ന പഠനനിലവാരം പുലർത്തുന്നതിനും സാധ്യമാകുന്നു.
- Motivation ക്ലാസ്സുകൾ ഓരോ Term ലും നൽകുന്നതുവഴി കുട്ടികൾക്ക് പഠനത്തിൽ മുന്നോട്ടും വരുവാനും ചിട്ടയായ സ്വഭാവത്തിലൂടെ ജീവിതത്തിൽ മുന്നേറുവാൻ കഴിയുന്നു. HS വിഭാഗം കുട്ടികൾക്ക് ഇത്തരം ക്ലാസ്സുകൾ കൂടുതലായി നൽകി വരുന്നു.

- ഓരോ ദിനാചരണങ്ങൾ വരുമ്പോൾ പ്രത്യേകം Quiz പരീക്ഷകൾ നടത്തി കുട്ടികളെ പൊതുവിജ്ഞാനം നേടുന്നതിന് പ്രാപ്തരാക്കുന്നു
- മൂല്യാധിഷ്ഠിതമായ ജീവിതരീതി ലഭിക്കുന്നതിനും മഹത്വ്യക്തികളേയും അവരുടെ ജീവിതത്തേയും പരിചയപ്പെടുന്നതിനും അങ്ങനെ ജീവിതനിലവാരം ഉയർത്തുന്നതിനും Moral Science ക്ലാസ്സുകൾ കുട്ടികൾക്ക് ഉപകരിക്കുന്നു.
- ഓരോ ദിനങ്ങളിലും അസംബ്ലിയിൽ അധ്യാപകർ പ്രത്യേകം സന്ദേശങ്ങൾ നൽകുകയും അത് പ്രാവർത്തികമാക്കാൻ കുട്ടികളോട് ആഹ്വാനം ചെയ്യുന്നു.
- ദിനാചരണങ്ങളിൽ പ്രത്യേകമായി ഓർമ്മപ്പെടുത്തലുകളും. കഥാ, കവിത, ചിത്രരചന എന്നിങ്ങനെയുള്ള മത്സരങ്ങളിലൂടെ കുട്ടികളെ ബോധവത്കരിക്കുന്നു.

**പദ്ധതിക്കുള്ള ധനസ്രോതസ്സുകൾ**

- SSA ഫണ്ടുകൾ
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായം
- പൂർവ്വ വിദ്യാർത്ഥികൾ
- വ്യവസായികൾ
- അഭ്യുദയകാംക്ഷികൾ
- ബാങ്കുകൾ
- ധനകാര്യസ്ഥാപനങ്ങൾ
- PTA

## ഉപസംഹാരം

ഹോളിഫാമിലിയുടെ നാമധേയത്തിലുള്ള പ്രൗഢയായ ഈ വിദ്യാലയം സർവ്വാംഗ സുന്ദരിയായി അണിഞ്ഞൊരുങ്ങി നിൽക്കുന്നു. ഏഴര പതിറ്റാണ്ട് പിന്നിട്ട് കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശൂരിന്റെ തിലകക്കുറിയായി നിലകൊള്ളുന്ന ഈ വിദ്യാലയം കലാ കായിക പാഠ്യ പാഠ്യേതര ശാസ്ത്രരംഗങ്ങളിൽ സംസ്ഥാന, ദേശീയ തലങ്ങളിൽ വരെ മാറ്റുരച്ചു. ഈ വർഷത്തെ SSLC പരീക്ഷയിൽ 100% വിജയവും 76 full A+ ഉം, 20 – 9A+ ഗ്രേഡും നേടിയെടുത്തു. ഹെഡ്മിസ്ട്രസ്സിനോടൊപ്പം അധ്യാപകരും, അനധ്യാപകരും, പി.ടി.എ, മദർ പി ടി എയും ഒരുമിച്ച് പ്രവർത്തിക്കുന്നു. ഡിവിഷൻ കൗൺസിലർ, എ.ഇ.ഒ.ഡി.ഇ.ഒ, D D അധികാരികൾ, സ്കൂൾ മാനേജ്മെന്റുകൾ എന്നിവയുടെ പിന്തുണയും സഹകരണവും ഈ വിദ്യാലയത്തിന്റെ തിളക്കമാർന്ന വിജയത്തിന്റെ ശില്പികൾ ആണ്.

വിദ്യാലയത്തെ അന്തർദേശീയ തലത്തിലേക്ക് ഉയർത്തണമെന്നതാണ് ഞങ്ങളുടെ സ്വപ്നം. ഞങ്ങളുടെ വളർച്ചയിൽ സഹായിച്ച, ഞങ്ങളെ അനുഗ്രഹിച്ച ജഗദീശ്വരനും, എല്ലാ സുമനസ്സുകൾക്കും നന്ദി പറഞ്ഞുകൊണ്ട് സവിനയം റിപ്പോർട്ട് സമർപ്പിക്കുന്നു.

ഹെഡ്മിസ്ട്രസ്സ്
Sr.Mini John
Holy Family Convent High School
Chembukkavu, Thrisusr

Thrissur

30.06.2025

## കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിൽ

| 2024-2025 | | | |
|---|---|---|---|
| Class | Boys | Girls | Total |
| 1 | 46 | 70 | 116 |
| 2 | 46 | 75 | 121 |
| 3 | 38 | 83 | 121 |
| 4 | 43 | 113 | 156 |
| 5 | | 207 | 207 |
| 6 | | 204 | 204 |
| 7 | | 227 | 227 |
| 8 | | 276 | 276 |
| 9 | | 271 | 271 |
| 10 | | 284 | 284 |

| 2023-2024 | | | |
|---|---|---|---|
| Class | Boys | Girls | Total |
| 1 | 44 | 64 | 108 |
| 2 | 40 | 76 | 116 |
| 3 | 45 | 105 | 150 |
| 4 | 41 | 133 | 174 |
| 5 | | 191 | 191 |
| 6 | | 214 | 214 |
| 7 | | 236 | 236 |
| 8 | | 267 | 267 |
| 9 | | 286 | 286 |
| 10 | | 309 | 309 |

## കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിൽ

| 2022-2023 | | | |
|---|---|---|---|
| Class | Boys | Girls | Total |
| 1 | 43 | 79 | 122 |
| 2 | 47 | 98 | 145 |
| 3 | 44 | 120 | 164 |
| 4 | 35 | 133 | 168 |
| 5 | | 199 | 199 |
| 6 | | 227 | 227 |
| 7 | | 246 | 246 |
| 8 | | 285 | 285 |
| 9 | | 311 | 311 |
| 10 | | 250 | 250 |

| 2021-2022 | | | |
|---|---|---|---|
| Class | Boys | Girls | Total |
| 1 | 47 | 85 | 132 |
| 2 | 45 | 106 | 151 |
| 3 | 43 | 119 | 162 |
| 4 | 45 | 136 | 181 |
| 5 | | 219 | 219 |
| 6 | | 237 | 237 |
| 7 | | 271 | 271 |
| 8 | | 325 | 325 |
| 9 | | 253 | 253 |
| 10 | | 297 | 297 |

**കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിൽ**

| **2020-2021** | | | |
|---|---|---|---|
| Class | Boys | Girls | Total |
| 1 | 44 | 95 | 139 |
| 2 | 41 | 104 | 145 |
| 3 | 44 | 119 | 163 |
| 4 | 37 | 125 | 162 |
| 5 | | 211 | 211 |
| 6 | | 256 | 256 |
| 7 | | 298 | 298 |
| 8 | | 246 | 246 |
| 9 | | 294 | 294 |
| 10 | | 354 | 354 |

## ഉപസംഹാരം

നഗരത്തതിന്റെ ഹൃദയഭാഗത്ത് മൃഗശാലയ്ക്കു മുമ്പിലായി 100% വിജയത്തോടെ പ്രൗഢഗംഭീരമായ തലയെടുപ്പോടെ ചിരകാലമായി ഉയർന്നു നിൽക്കുന്ന വിദ്യാലയമാണ് ഹോളി ഫാമിലി. വിദ്യാലയത്തിന്റെ പ്രധാന കവാടത്തിൽ പ്രവേശന നിയന്ത്രണത്തിനായി ഒരു Security guard നെയും പ്രഥമാധ്യാപകന്റെ room ൽ ഇരുന്ന് സ്കൂൾ പരിസരവും, വരാന്തകളും, സ്റ്റാഫ് റൂമും നിരീക്ഷിക്കാനുള്ള സി സി ടി വി ക്യാമറ സംവിധാനവും വിദ്യാലയത്തിൽ ഒരുക്കിയിട്ടുണ്ട്. നൂതന രീതിയിൽ സംവിധാനം ചെയ്തിട്ടുള്ള ക്ലാസ്സ് മുറികളും, കുട്ടികളുടെ ആനുപാതിക എണ്ണത്തിനനുസരിച്ച് ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റുകളും, കുട്ടികളുടേയും, അധ്യാപകരുടേയും, വാഹനങ്ങൾക്ക് പ്രത്യേക പാർക്കിംഗ് സംവിധാനവും ആധുനിക രീതിയിലുള്ള ഓഫീസ് റൂം, ലൈബ്രറി, സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് എന്നിവയും ഈ സ്കൂളിന് സ്വന്തമായുണ്ട്. സ്കൂൾ കുട്ടികൾക്ക് വിവിധ റൂട്ടുകളിലേക്ക് ആവശ്യമായ യാത്ര സൗകര്യം സജ്ജമാക്കിയിട്ടുണ്ട്. സ്കൂൾ വാഹനങ്ങൾക്ക് കൃത്യമായ പാർക്കിംഗ് സൗകര്യവും, സ്കൂൾ വാഹനത്തിലെ ജോലിക്കാർക്ക് വിശ്രമ സൗകര്യവും ഇവിടെയുണ്ട്. ശുചീകരണ ഉപകരണങ്ങൾ സൂക്ഷിക്കാനുള്ള ഇടവും, first aid room ഉം ഒരുക്കിയിരിക്കുന്നു.

വിദ്യാലയത്തിൽ കുട്ടികൾക്കായി പ്രത്യേകം ശുദ്ധീകരിച്ച ജല വിതരണ സംവിധാനം ഇവിടെയുണ്ട്. എല്ലാ കെട്ടിടത്തിലും അനുരൂപീകരണ ഭൗതിക സൗകകര്യവും, മിക്ക ക്ലാസ് മുറികളിലും വീൽ ചെയർ എത്താനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. കുട്ടികൾക്കാവശ്യമായ അഡ്പാറ്റഡ് ടോയ്‌ലറ്റ്, ഇരിപ്പിടങ്ങൾ, വാഷ് ബെയ്സിനുകൾ, ഒന്നിലധികം ബോർഡുകളും വിദ്യാലയത്തിലുണ്ട്. 5,6 ക്ലാസ്സുകളിൽ ഓരോ സ്മാർട്ട് റൂം വീതവും 7 മുതൽ 10 വരെ എല്ലാ ക്ലാസ്സുകളും ഹൈടെക് സംവിധാനത്തോടെയാണ് ഒരുക്കിയിരിക്കുന്നത്.

കാറ്റും വെളിച്ചവും കടക്കുന്ന തരത്തിലുള്ള അടുക്കളയും പാചകം ചെയ്യുന്നതിന് ഗ്യാസ് സൗകര്യവും ഇവിടെയുണ്ട്. പോഷക സമൃദ്ധവും, രുചികരവും ചൂടുള്ളതുമായ ഭക്ഷണമാണ് ഇവിടെ നൽകുന്നത്. വിദ്യാലയ പരിസരത്ത് വെള്ളം കെട്ടിനിൽക്കുന്ന രീതിയിൽ ഒഴുകിപ്പോകാനുള്ള സംവിധാനവും പുറത്തുനിന്ന് വിദ്യാലയത്തിനകത്തേക്ക് മലിന ജലം എത്താതിരിക്കാനുള്ള മാർഗ്ഗങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. മുറ്റവും തറകളും പടികളും വരാന്തകളും ഏറെ വൃത്തിയുള്ളതുമാണ്. വിദ്യാലയമുറ്റത്ത് പതിച്ചിട്ടുള്ള ടൈൽസ് ഗണിത പാറ്റേൺ രീതിയിലാണ്.

വിശ്രമത്തിനും, പഠനത്തിനും ആകർഷകമായ തണൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. വിദ്യാലയ കെട്ടിടങ്ങളുടെ പുറം ഭിത്തിയും, അകഭിത്തിയും സാന്മാർഗ്ഗിക മൂല്യവും പഠനത്തിനുതകുന്ന രീതിയിൽ അനുയോജ്യമായി വിന്യസിച്ചിട്ടുണ്ട്.

മാലിന്യഗവേഷണ സംസ്കരണ സംവിധാനവും പലയിടത്തായി മത്സ്യ അക്വേറിയവും ഒരുക്കിയിട്ടുണ്ട്.

മാതൃഭാഷ പരിപോഷിപ്പിക്കുന്നതിനായി വിദ്യാരംഗം കലാസാഹിത്യവേദിയും മറ്റു സാഹിത്യക്ലബ്ബുകളും, കുട്ടികളിലെ സർഗ്ഗാത്മകത പരിപോഷിപ്പിക്കാനായി ക്ലാസ്സടിസ്ഥാനത്തിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും, മാഗസിനുകൾ തയ്യാറാക്കുകയും ചെയ്തു വരുന്നു. കഴിവു തെളിയിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റ് വിദ്യാലയത്തിലെ വിദ്യാർത്ഥികളുമായി മത്സരിക്കാനുള്ള അവസരവും ഒരുക്കികൊടുക്കുന്നു.

ഗണിത ശാസ്ത്ര സാങ്കേതിക പുരോഗതി കണക്കിലെടുത്ത് വിവിധ ക്ലബ്ബുകളും മത്സരങ്ങളും കണക്കിലെടുത്ത് വിവിധ ക്ലബ്ബുകളും മത്സരങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്.

ഇംഗ്ലീഷ് ഭാഷാവികസനത്തിനായി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകളും വിവിധ മത്സര ങ്ങളും സംഘടിപ്പിച്ച് കുട്ടികളുടെ കഴിവ് വികസിപ്പിക്കാറുണ്ട്.

വായന വികസനത്തിനായി സമഗ്രമായ ലൈബ്രറിയും, വായനാനുബന്ധ പ്രവർത്ത നങ്ങളും ഇവിടെ ശക്തമാണ്. കുട്ടികളുടെ വായനാഭിരുചിയെ മറ്റുള്ളവരിലേക്ക് പകർത്താ നുതകുന്ന അവസരമൊരുക്കി കൊടുക്കുന്നു എന്നത് എടുത്തു പറയേണ്ടതാണ്. ഓരോ വിദ്യാർത്ഥിയുടേയും പിറന്നാളിനോടനുബന്ധിച്ച് സ്കൂളിലേക്ക് പുസ്തകം സംഭാവന ചെയ്യുന്നത് സ്കൂളിന്റെ ലൈബ്രറിയെ ശക്തിപ്പെടുത്തുന്നു. പരിസ്ഥിതി സംരക്ഷണത്തെ സഹായിക്കാനുതകുന്ന ഔഷധത്തോട്ടത്തിന് തുടക്കം കുറിച്ചിരിക്കുന്നു. സ്ഥല പരമിതിയെ അതിജീവിച്ചുകൊണ്ട് മട്ടുപ്പാവിലെ പച്ചക്കറി കൃഷി ഈ വിദ്യാലയത്തിന്റെ മുതൽക്കൂട്ടാണ്.

കലാകായിക രംഗങ്ങളിൽ കുട്ടികളിൽ അന്തർഗതമായ കഴിവുകളെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകി, ഉന്നതിയിലെത്തിച്ച് വിജയം കരസ്ഥമാക്കാൻ എന്നും ഈ വിദ്യാലയം ശ്രദ്ധിക്കാറുണ്ട്. അനുഭവങ്ങളിലൂടെ അറിവ് നേടാനുതകുന്ന പഠനയാത്ര കളും സെമിനാറുകളും സംഘടിപ്പിച്ച് കുട്ടികളുടെ പഠനം രസകരമാക്കാൻ ശ്രദ്ധിക്കാറുണ്ട്.

വിവരസാങ്കേതിക വിദ്യയിൽ മികവ് തെളിയിക്കാൻ ആവശ്യമായ പരിശീലനവും, പ്രോത്സാഹനവും ഞങ്ങൾ നിരന്തരം നൽകിക്കൊണ്ടിരിക്കുന്നു. നൂതനമായ അറിവ് കുട്ടിക ളിലേക്ക് എത്തിക്കാൻ അധ്യാപകരെ സജ്ജരാക്കാൻ വേണ്ട ബോധവത്കരണ ക്ലാസ്സുകളും ശാക്തീകരണ പരിപാടികളിലും ഇവിടുത്തെ അധ്യാപകരുടെ പങ്കാളിത്തം ശക്തമാണ്. സാഹിത്യ, സാമൂഹിക, ശാസ്ത്ര പ്രവൃത്തി പരിചയ മേളകൾ ഉവിടെ സംഘടിപ്പിക്കുകയും കഴിവു തെളിയിക്കുന്നവരെ സംസ്ഥാന തലം വരെ എത്തിക്കാറുണ്ട്.

പഠനത്തെ ഒട്ടും തന്നെ പുറകിലാകാത്തക്കവിധത്തിൽ വേണ്ടതായ അറിവ് പകർന്നു കൊണ്ട് കൃത്യമായ മൂല്യനിർണ്ണയവും വിലയിരുത്തലും വിദ്യാലയത്തിന് മികച്ച വിജയം കൊയ്യാനുതകുന്നു. വിഷയാധ്യാപകരുടെ ഒത്തുചേരലും ചർച്ചകളും ഈ വിജയത്തിന്റെ പിന്നിലെ രഹസ്യങ്ങളാണ്.

വളരെ ശക്തമായതും പിന്തുണയുള്ളതുമായ കാര്യക്ഷമമായ പി ടി എ വിദ്യാല യത്തെ പുരോഗതിയിലേക്ക് നയിക്കുന്നു. വിദ്യാർത്ഥികളുടെ ഉന്നമനവും സാൻമാർഗ്ഗിക വളർച്ച ലക്ഷ്യമാക്കി അധ്യാപക രക്ഷാകർത്തൃയോഗങ്ങൾ മാസം തോറും നടത്തിവരുന്നു.

കുട്ടികളുടെ ആരോഗ്യം ലക്ഷ്യം വെച്ചുകൊണ്ട് കായിക വികസന പ്രവൃത്തികളിൽ പരിശീലനം കൊടുക്കുന്നു. ആരോഗ്യ സംരക്ഷണത്തിനായി ആരോഗ്യ ശുചിത്വബോധവ ത്കരണ ക്ലാസ്സുകൾ നൽകുകയും കുട്ടികളെ പരിശോധിച്ച് അത്യാവശ്യം വേണ്ട മരുന്നു കൾ നൽകുകയും ചെയ്യുന്നു.

ഒരു അദ്ധ്യയന വർഷത്തിൽ നൽകി വരുന്ന എല്ലാ ദിനാചരണങ്ങളും, അതിന്റെ എല്ലാ പ്രാധാന്യത്തോടും കൂടി ഇവിടെ നടത്തി വരുന്നു. അതുമായി ബന്ധപ്പെട്ട ബോധവ ത്കരണക്ലാസ്സുകളും മത്സരങ്ങളും നടത്താറുണ്ട്.

വിദ്യാലയ വികസനത്തിനായി സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ സംഘടനക ളുടേയും പരിസരവാസികളുടേയും പൂർണ പിന്തുണയും സഹകരണവും വിദ്യാലയത്തിന്റെ വിജയമാണ്.

വിദ്യാലയത്തെ ഏറ്റവും ശ്രദ്ധേയമാക്കുന്ന അസംബ്ലി ഈ വിദ്യാലയത്തിന്റെ മാത്രം പ്രത്യേകതയാണ്. ഈശ്വര പ്രാർത്ഥനയോടെ തുടങ്ങുന്ന അസംബ്ലിയിൽ ചിന്താവിഷയം, പത്രവാർത്ത, പ്രതിജ്ഞ, ബുക്ക് റിവ്യു, പ്രഭാഷണം, ഹെഡ്മിസ്ട്രസ്സിന്റേയും അദ്ധ്യാപകരു ടേയും സാന്മാർഗ്ഗിക സന്ദേശങ്ങൾ, യോഗ ദേശീയഗാനം എന്നിവയും ഉൾക്കൊള്ളിക്കാറുണ്ട്.

## നിലവിലുള്ള കമ്മിറ്റികൾ

| കമ്മിറ്റി | അംഗങ്ങളുടെ എണ്ണം |
|---|---|
| പി ടി എ | 21 |
| എം പി ടി എ | 20 |
| S R G | All teachers (57) |
| Subject Council | Subject Teachers |
| സ്കൂൾ വികസന സമിതി | 20 |
| ഗണിത ക്ലബ്ബ് | 250 |
| സാമൂഹ്യശാസ്ത്ര ക്ലബ്ബ് | 275 |
| ശാസ്ത്ര ക്ലബ്ബ് | 280 |
| ഐ ടി ക്ലബ്ബ് | 225 |
| വിദ്യാരംഗം കലാസാഹിത്യവേദി | 150 |
| ഇംഗ്ലീഷ് ക്ലബ്ബ് | 300 |
| പി ബി എസ് | 165 |
| ഗെഡിംഗ് | 211 |
| ബുൾ ബുൾ | 38 |
| റെഡ് ക്രോസ് | 60 |
| DCL | 215 |
| KCSL | 515 |
| തിരുബാലസഖ്യം | 108 |
| OSA | 15 |
| OTA | 30 |

## ദിനാചരണങ്ങൾ – ജൂൺ

| തിയ്യതി | ദിനം | ചുമതല |
|---|---|---|
| ജൂൺ 2 | പ്രവേശനോത്സവം | All staffs |
| ജൂൺ 5 | ലോക പരിസ്ഥിതി ദിനം<br>വൃക്ഷത്തൈ നടൽ<br>ക്വിസ്<br>കൊളാഷ് നിർമ്മാണം | Science Club |
| ജൂൺ 19 | വായനദിനം ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>ക്വിസ്<br>കേട്ടെഴുത്ത്<br>വായന | Malayalam club |
| ജൂൺ 21 | അന്തർദേശീയ യോഗദിനം<br>– യോഗ ചെയ്യുന്നു | Sports Club |
| ജൂൺ 26 | ലോക ലഹരിവിരുദ്ധ ദിനം– ബോധവത്കരണം<br>പോസ്റ്റർ നിർമ്മാണം<br>റാലി | SPG |

## ദിനാചരണങ്ങൾ – ജൂലൈ

| ദിനങ്ങൾ | പ്രവർത്തനം | ചുമതല |
|---|---|---|
| 11 – ലോകജനസംഖ്യാദിനം | മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ അയൽപക്ക സെൻസസ് | Social Club |
| 28 — – പ്രകൃതി സംരക്ഷണ ദിവം | പ്രകൃതി സംരക്ഷണ പ്രതിജ്ഞ | Science Club |
| 5 ബഷീർ ചരമ ദിനം | സിനിമ/ ഡോക്യുമെന്ററി പ്രദർശനം<br>ബഷീർ കൃതികൾ | Malayalam Club |
| 21 –ചാന്ദ്ര ദിനം | വീഡിയോ പ്രദർശനം<br>ചാന്ദ്രദിന പാട്ട് | Social Club |

## ദിനാചരണങ്ങൾ – ആഗസ്റ്റ്

| തിയ്യതി | ദിനം | പ്രവർത്തനങ്ങൾ |
|---|---|---|
| ആഗസ്റ്റ് 6-9 | ഹിരോഷിമ, നാഗസാക്കി ക്വിറ്റ് ഇന്ത്യ ദിനം | ✶ സഡാക്കോ, കൊക്ക് നിർമ്മാണം<br>✶ യുദ്ധ വിരുദ്ധ പ്ലക്കാർഡുകൾ നിർമ്മിക്കൽ<br>✶ യുദ്ധവും സമാധാനത്തെ കുറിച്ച് Speech Competition |
| ആഗസ്റ്റ് 15 | സ്വാതന്ത്ര്യദിനം | ✶ പ്രച്ഛന്നവേഷ മത്സരം<br>✶ സ്വാതന്ത്ര്യദിന പ്രസംഗം<br>✶ ക്വിസ് മത്സരം<br>✶ പതാക നിർമ്മാണം |
| ആഗസ്റ്റ് 22 | നാട്ടറിവ് ദിനം | ✶ പ്രാദേശിക കർഷകനുമായി അഭിമുഖം<br>✶ നാടൻ കളികൾ പരിചയപ്പെടൽ<br>✶ നാടൻ ഭക്ഷ്യമേള |

## ദിനാചരണങ്ങൾ – സെപ്തംബർ

| Date | Day | Activities |
|---|---|---|
| September 5 | Teachers Day | ✶ Guruvandhanam<br>✶ Writing letter to a teacher |
| September 5 | World Ozone Day | ✶ Making Placards<br>✶ Quiz Competition |
| September 21 | World Peace Day | ✶ Awareness speech on world peace day |

## ദിനാചരണങ്ങൾ – ഒക്ടോബർ

| Date | Day | Activities |
|---|---|---|
| October 1 | International Day for Old persons | ✶ Power point Presentation |
| Ocober 2 | Gandhi Jayanthi | ✶ Cleaning Activities<br>✶ Pencil Drawing<br>✶ Fancy Dress Competition |
| October 10 | National Postal Day | ✶ Letter writing contest |
| October 15 | World Student Day | ✶ Poster making<br>✶ Quiz |
| October 16 | World food day | ✶ Collge making<br>✶ Power point presentation |
| October 30 | National Savings Day | ✶ Awareness Program |

## ദിനാചരണങ്ങൾ – നവംബർ

| തിയ്യതി | ദിനം | പ്രവർത്തനങ്ങൾ |
|---|---|---|
| നവംബർ 1 | കേരളപ്പിറവി | ✶ പ്രച്ഛന്ന വേഷം (കേരള തനിമയുള്ള വേഷവിധാനം)<br>✶ പ്രശ്നോത്തരി (കേരള ചരിത്രം)<br>✶ കേരളം ജില്ലകൾ –ചിത്രീകരണം |
| നവംബർ 7 | സി വി രാമൻ ദിനം | ✶ ശാസ്ത്രമേള<br>✶ ശാസ്ത്രപതിപ്പ് തയ്യാറാക്കൽ |
| നവംബർ 14 | ശിശുദിനം | ✶ ചാച്ചാജി ഗാനം<br>✶ ശിശുദിന ആശംസ കാർഡ് നിർമ്മാണം<br>✶ നെഹ്റു തൊപ്പി നിർമ്മാണം |

## ദിനാചരണങ്ങൾ – ഡിസംബർ

| തിയ്യതി | ദിനം | പ്രവർത്തനങ്ങൾ |
|---|---|---|
| ഡിസംബർ 1 | എയ്ഡ്സ് ദിനം | ✶ പോസ്റ്റർ നിർമ്മാണം<br>✶ ബോധവത്കരണ പ്രവർത്തനങ്ങൾ |
